പ്രമേയം മൂന്ന്

# ബന്ധുത്വം, ജാതി, വർഗം
# (KINSHIP, CASTE AND CLASS)
## ആദ്യകാല സമൂഹങ്ങൾ
## (EARLY SOCIETIES)
### ഏകദേശം 600 ബി.സി.ഇ. മുതൽ 600 സി.ഇ. വരെ
### (*c.* 600 BCE-600 CE)

600 ബി.സി.ഇയ്ക്കും 600 സി.ഇയ്ക്കും ഇടയ്ക്കുള്ള കാലഘട്ടത്തിൽ സാമ്പത്തിക, രാഷ്ട്രീയ ജീവിതമേഖലകളിൽ ഒട്ടേറെ മാറ്റങ്ങളുണ്ടായെന്ന് മുൻ അധ്യായത്തിൽ നാംകണ്ടു. ഇതിൽ ചിലമാറ്റങ്ങൾ സമൂഹങ്ങളെയും സ്വാധീനിച്ചിരുന്നു. ഉദാഹരണമായി, വനമേഖലകളിലേക്ക് കൃഷി വ്യാപിപ്പിച്ചത് വനവാസികളുടെ ജീവിതത്തെ മാറ്റിമറിച്ചു. കരകൗശലവിദഗ്ധർ മിക്കപ്പോഴും പ്രത്യേക സാമൂഹികവിഭാഗങ്ങളായി ഉയർന്നുവന്നു. കൂടാതെ സമ്പത്തിന്റെ അസന്തുലിതമായ വിതരണം സാമൂഹികമായ അന്തരങ്ങൾക്ക് മൂർച്ചകൂട്ടി.




ചിത്രം- 3.1
മഹാഭാരതത്തിലെ ഒരു ദൃശ്യം ചിത്രീകരിക്കുന്ന കളിമൺ ശില്പം (പശ്ചിമബംഗാൾ) ഏകദേശം പതിനഞ്ചാം നൂറ്റാണ്ട്.

ഇത്തരം പ്രക്രിയകളെ മനസ്സിലാക്കുവാൻ ചരിത്രകാരർ മിക്കപ്പോഴും ഗ്രന്ഥപാരമ്പര്യങ്ങളെയാണ് ആശ്രയിക്കുന്നത്. ചില ഗ്രന്ഥങ്ങളിൽ സാമൂഹ്യപെരുമാറ്റ നിയമങ്ങളാണ് സൂചിപ്പിച്ചിരിക്കുന്നത്. മറ്റ് ചിലതിൽ വ്യത്യസ്ത തരത്തിലുള്ള സാമൂഹ്യസാഹചര്യങ്ങളെയും ആചാരങ്ങളെയുംകുറിച്ചു വിവരിക്കുകയും, ചിലപ്പോൾ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യുന്നു. ലിഖിതങ്ങളിൽനിന്നു ചില സാമൂഹിക പ്രവർത്തകരെക്കുറിച്ചുള്ള സൂചനകളും നമുക്കു ലഭിക്കുന്നുണ്ട്. നമ്മൾ കാണാൻപോകുന്നതുപോലെ പ്രത്യേക സാമൂഹ്യവിഭാഗങ്ങളുടെ വീക്ഷണങ്ങളിലൂടെയാണ് ഓരോ ഗ്രന്ഥവും (ലിഖിതവും) രചിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ, ഇവയെല്ലാം ആര്, എന്ത്, ആർക്കുവേണ്ടി രചിച്ചു എന്നു നാം ഓർക്കേണ്ടതുണ്ട്. ഇതിലുപയോഗിച്ചിരിക്കുന്ന ഭാഷയും, ഗ്രന്ഥം പ്രചരിച്ച വഴികളും നാം പരിഗണിക്കണം. സാമൂഹ്യ ചരിത്രത്തെ രൂപപ്പെടുത്തിയ മനോഭാവങ്ങളെയും, അനുഷ്ഠാനങ്ങളെയും കുറിച്ചറിയുവാൻ ഇത്തരം കൃതികൾ ശ്രദ്ധാപൂർവം ഉപയോഗിക്കുന്നതിലൂടെ നമുക്കു കഴിയും.

വ്യത്യസ്ത തലങ്ങളിലെ സാമൂഹ്യവിഭാഗങ്ങളെയും സാഹചര്യങ്ങളെയും ചിത്രീകരിക്കുന്നതും ഇന്നത്തെ രൂപത്തിൽ ഒരുലക്ഷത്തിലേറെ ശ്ലോകങ്ങൾ ഉള്ളതുമായ ബൃഹത്തായ ഇതിഹാസഗ്രന്ഥമായ മഹാഭാരതം നോക്കുമ്പോൾ ഉപഭൂഖണ്ഡത്തിലെ ഏറ്റവുംസമ്പന്നമായ കൃതികളിൽ ഒന്നിലാണ് നാം എത്തിച്ചേരുന്നത്. ആയിരത്തോളം വർഷങ്ങൾകൊണ്ടാണ് ഇതു രചിക്കപ്പെട്ടത്. (500 ബി.സി.ഇ.മുതൽ). കൂടാതെ ഇതിൽ വിവരിക്കുന്ന ചിലകഥകൾ അതിനുമുൻപുള്ള കാലത്തുതന്നെ പ്രചാരത്തിലുണ്ടായിരുന്നിരിക്കാം. ഇതിലെ കേന്ദ്ര കഥ പരസ്പരം സംഘർഷത്തിലേർപ്പെടുന്ന രണ്ടുകൂട്ടം സഹോദരപുത്രരെക്കുറിച്ചാണ്. വിവിധ സാമൂഹ്യവിഭാഗങ്ങൾക്കായുള്ള പെരുമാറ്റച്ചട്ടങ്ങൾ ഉൾക്കൊള്ളുന്ന ഭാഗങ്ങളും ഈ കൃതിയിലുണ്ട്. ഇടയ്ക്ക് (എല്ലായ്പ്പോഴുമില്ലെങ്കിലും) ഇതിലെ മുഖ്യകഥാപാത്രങ്ങൾ ഈ നിയമാവലികൾ പിന്തുടർന്നിരുന്നതായി കാണാം. ഈ നിയമങ്ങളോടുള്ള അനുസരണയും അവയിൽ നിന്നുള്ള വ്യതിചലനവും എന്തിനെയാണ് സൂചിപ്പിക്കുന്നത്.?

A7E8R4


भापर्व [2. 19. 19

मागधानां सुरुचिरं चैत्यकान्तं समाद्रवन् ।
शिरसीव जिघांसन्तो जरासंधजिघांसवः ॥ १७
स्थिरं सुविपुलं शृङ्गं सुमहान्तं पुरातनम् ।
अर्चितं माल्यदामैश्च सततं सुप्रतिष्ठितम् ॥ १८
विपुलैर्बाहुभिर्वीरास्तेऽभिहत्याभ्यपातयन् ।
ततस्ते मागधं दृष्ट्वा पुरं प्रविविशुस्तदा ॥ १९

ചിത്രം 3.2

*വിമർശനാത്മകപ്പതിപ്പിന്റെ (critical Edition) ഒരു പുറത്തിൽ നിന്നുള്ള ഭാഗം.*

വലിയതും വീതി കൂടിയതുമായ അക്ഷരങ്ങളിൽ അച്ചടിച്ചിരിക്കുന്നത് മൂലഗ്രന്ഥ ഭാഗമാണ്. വിവിധ കൈയെഴുത്തു പ്രതികളിൽ കാണപ്പെടുന്ന പാഠഭേദങ്ങളെ സംബന്ധിച്ച് ശ്രദ്ധാപൂർവം തയാറാക്കിയ അനുക്രമണികയുടെ പട്ടികയാണ് ചെറിയ അക്ഷരത്തിൽ അച്ചടിച്ചിട്ടുള്ളത്.

## 1. മഹാഭാരതത്തിന്റെ വിമർശനാത്മകപ്പതിപ്പ് (THE CRITICAL EDITION OF THE *MAHABHARATA*)

ഉത്കർഷേച്ഛനിറഞ്ഞ വൈജ്ഞാനികപദ്ധതികളിൽ ഒന്ന് ഇന്ത്യയിലെ പ്രമുഖ സംസ്കൃതപണ്ഡിതനായിരുന്ന വി.എസ്. സുക്തങ്കറുടെ നേതൃത്വത്തിൽ 1919 – ൽ ആരംഭിച്ചു. ഡസൺകണക്കിന് പണ്ഡിതരുടെ ഒരു സംഘം മഹാഭാരതത്തിന്റെ ഒരു വിമർശനാത്മകപ്പതിപ്പ് തയാറാക്കുന്നതിനുള്ള യത്നം തുടങ്ങിവച്ചു. യഥാർഥത്തിൽ എന്താണതിൽ ഉൾപ്പെട്ടിരുന്നത്? രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വിവിധ ലിപികളിൽ എഴുതപ്പെട്ട, ഗ്രന്ഥത്തിന്റെ സംസ്കൃത ഭാഷയിലുള്ള കൈയെഴുത്ത് പ്രതികൾ ശേഖരിക്കലായിരുന്നു ഇതിന്റെ തുടക്കം.

ഓരോ കൈയെഴുത്ത് പ്രതിയിലെയും ശ്ലോകങ്ങൾ തമ്മിൽ താരതമ്യംചെയ്യാനായി ഒരുപഠനരീതി ഇവർ തയാറാക്കി. അവസാനം, ഭൂരിഭാഗം വിവരണങ്ങളിലും പൊതുവായി കണ്ടെത്തിയ ശ്ലോകങ്ങളെ തിരഞ്ഞെടുക്കുകയും അവ പതിമൂവായിരത്തിലധികം പുറങ്ങളിൽ നിരവധി വാല്യങ്ങളായി പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ സംരംഭം പൂർത്തീകരിക്കാൻ 47 വർഷങ്ങളെടുത്തു. രണ്ടുകാര്യങ്ങൾ ഇതിൽ പ്രകടമായി: കഥയുടെ സംസ്കൃത പാഠഭേദങ്ങളിൽ നിരവധി പൊതുഘടകങ്ങൾ ഉണ്ടായിരുന്നു. ഇത് വടക്ക് കാശ്മീരും നേപ്പാളും മുതൽ തെക്ക് കേരളവും തമിഴ്നാടും ഉൾക്കൊള്ളുന്ന ഉപഭൂഖണ്ഡത്തിന്റെ മുഴുവൻ ഭാഗങ്ങളിൽ നിന്നും കണ്ടെത്തിയ കൈയെഴുത്ത് പ്രതികളിൽ പ്രകടമായിരുന്നു. ഈ കൃതി നൂറ്റാണ്ടുകളിലൂടെ സംപ്രേഷണം (എത്തിക്കൽ) ചെയ്യപ്പെട്ട രീതികളിൽ ഉണ്ടായിട്ടുള്ള അത്യധികമായ പ്രാദേശിക മാറ്റങ്ങളും പ്രകടമായിരുന്നു. ഈ വ്യത്യാസങ്ങളെല്ലാം മുഖ്യഗ്രന്ഥത്തിന്റെ അടിക്കുറിപ്പുകളും അനുബന്ധങ്ങളുമായി രേഖപ്പെടുത്തപ്പെട്ടു. ആകെയുള്ള 13000 പുറങ്ങളിൽ പകുതിയിലധികവും ഇത്തരം മാറ്റങ്ങൾക്കായി നീക്കിവച്ചിരിക്കുകയാണ്.

ഒരർഥത്തിൽ ഈ മാറ്റങ്ങൾ ആദ്യകാല (പിൽക്കാലത്തെയും) സാമൂഹികചരിത്രങ്ങളെ രൂപപ്പെടുത്തിയ സങ്കീർണപ്രക്രിയകളെ പ്രതിഫലിപ്പിക്കുന്നു. മേധാവിത്വപാരമ്പര്യങ്ങളും പിൻവലിയുന്ന പ്രാദേശികമായ ആശയങ്ങളും ആചാരങ്ങളും തമ്മിലുള്ള സംവാദങ്ങളിലൂടെയാണ് ഈ രൂപപ്പെടൽ സംഭവിച്ചത്. സംഘർഷത്തിന്റെയും സമവായത്തിന്റെയും മുഹൂർത്തങ്ങൾ ഈ സംവാദങ്ങളുടെ സവിശേഷതയാണ്.

ഈ പ്രക്രിയകളെക്കുറിച്ചുള്ള നമ്മുടെ ധാരണ പ്രാഥമികമായും രൂപപ്പെട്ടിട്ടുള്ളത് ബ്രാഹ്മണർ അവർക്കായി രചിച്ച സംസ്കൃത ഗ്രന്ഥങ്ങളിൽ നിന്നുമാണ്. സാമൂഹിക ചരിത്രവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ആദ്യമായി അന്വേഷിച്ച പത്തൊൻപത്, ഇരുപത് നൂറ്റാണ്ടുകളിലെ ചരിത്രകാരർ ഈ ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുള്ളവയെല്ലാം യഥാർഥത്തിൽ സംഭവിച്ച കാര്യങ്ങളാണെന്ന് വിശ്വസിച്ച് അവയെ മുഖവിലയ്ക്കെടുത്തു. പിന്നീട് പാലി, പ്രാകൃത്, തമിഴ് കൃതികളിൽ നിന്ന് ഇതര പാരമ്പര്യങ്ങളെക്കുറിച്ചും പണ്ഡിതർ പഠിക്കാൻ തുടങ്ങി. വ്യവസ്ഥാപിതമായ സംസ്കൃത ഗ്രന്ഥങ്ങളിലെ ആശയങ്ങൾ പൊതുവെ ആധികാരിമായി അംഗീകരിക്കപ്പെട്ടിരുന്നുവെന്ന് ഈ പഠനങ്ങൾ സൂചിപ്പിച്ചു: അവയും ചോദ്യം ചെയ്യപ്പെടുകയോ ചിലപ്പോഴൊക്കെ നിരാകരിക്കപ്പെടുകയോപോലും ചെയ്തിട്ടുണ്ട്. ചരിത്രകാരർ സാമൂഹ്യചരിത്രത്തെ പുനർനിർമിക്കുന്നതെങ്ങനെയെന്ന് പരിശോധിക്കുമ്പോൾ ഇതുകൂടി നമ്മൾ മനസ്സിലുറപ്പിക്കേണ്ടതുണ്ട്.

## 2. ബന്ധുത്വവും വിവാഹവും: പല നിയമങ്ങളും വൈവിധ്യമാർന്ന ആചാരങ്ങളും (KINSHIP AND MARRIAGE MANY RULES AND VARIED PRACTICES)

### 2.1 കുടുംബങ്ങളെക്കുറിച്ചുള്ള കണ്ടെത്തൽ

കുടുംബജീവിതത്തെ നാം പലപ്പോഴും നിസ്സാരവത്കരിക്കുന്നു. എന്നിരുന്നാലും എല്ലാ കുടുംബങ്ങളും ഒരുപോലെയല്ല എന്ന് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. അംഗങ്ങളുടെ എണ്ണം, അവരുടെ പരസ്പരബന്ധം, പങ്കുവയ്ക്കുന്ന വിവിധ പ്രവർത്തനങ്ങൾ എന്നിവയിലെല്ലാം ഇവ വ്യത്യാസപ്പെട്ടിരിക്കുന്നു. മിക്കവാറും ഒരേകുടുംബത്തിൽപ്പെട്ട അംഗങ്ങൾ ഭക്ഷണവും മറ്റുവിഭവങ്ങളും പങ്കുവയ്ക്കുകയും ഒരുമിച്ചുജീവിക്കുകയും, ജോലി ചെയ്യുകയും ആചാരങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നു. "ബന്ധുക്കൾ" അല്ലെങ്കിൽ കുടുതൽ സാങ്കേതികാർഥത്തിൽ പറഞ്ഞാൽ ബന്ധുവിഭാഗം (kinfolk) എന്നു വിശേഷിപ്പിക്കാവുന്ന ബൃഹത്തായ ഒരു ശൃംഖലയുടെ ഭാഗമാണ് കുടുംബങ്ങൾ. മിക്കപ്പോഴും സ്വാഭാവികവും രക്തബന്ധാധിഷ്ഠിതവുമായ ഒന്നായാണ് കുടുംബബന്ധങ്ങളെ കണക്കാക്കുന്നത്; എന്നാൽ അവ പല വ്യത്യസ്തരീതികളിൽ നിർവചിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി, ചില സമൂഹങ്ങൾ സഹോദരപുത്രൻമാരെ രക്തബന്ധമുള്ളവരായി കണക്കാക്കുമ്പോൾ മറ്റ് ചിലർ അങ്ങനെ കാണുന്നില്ല.

ആദ്യകാല സമൂഹങ്ങളിലെ വരേണ്യവർഗ കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വീണ്ടെടുക്കാൻ ചരിത്രകാരർക്ക് വളരെ എളുപ്പത്തിൽ കഴിയും; എന്നാൽ, സാധാരണക്കാരുടെ കുടുംബബന്ധങ്ങളെക്കുറിച്ചുള്ള വിവരങ്ങളെ പുനസൃഷ്ടിക്കാൻ ഏറെ പ്രയാസവുമാണ്. കുടുംബം, ബന്ധുത്വം എന്നിവയോടുള്ള മനോഭാവവും ചരിത്രകാരർ അന്വേഷിക്കുകയും വിശകലനം നടത്തുകയും ചെയ്യുന്നു. ജനങ്ങളുടെ ചിന്താഗതികളെക്കുറിച്ചുള്ള ഉൾക്കാഴ്ച നൽകുന്നതിനാൽ ഇവ വളരെപ്രധാനമാണ്. പ്രവർത്തനങ്ങൾ മനോഭാവങ്ങളിൽ മാറ്റം വരുത്തിയേക്കാവുന്നതുപോലെ ഈ ആശയങ്ങളിൽ ചിലത് അവരുടെ പ്രവർത്തനങ്ങളെ രൂപപ്പെടുത്തിയിരിക്കാൻ സാധ്യതയുണ്ട്.

### 2.2 പിതൃദായക്രമമെന്ന ആശയം (The ideal of patriliny)

രക്തബന്ധുത്വപരമായ ബന്ധങ്ങൾ മാറിയത് ഏത് സന്ദർഭങ്ങളിലാണ് എന്ന് തിരിച്ചറിയാൻ നമുക്ക് കഴിയുമോ? ഒരു തരത്തിൽ, ഇതിനെക്കുറിച്ചുള്ള കഥയാണ് *മഹാഭാരതം*. ഭൂമിക്കും അധികാരത്തിനുംവേണ്ടി രണ്ടു സഹോദരന്മാരുടെ മക്കളായ കൗരവരും പാണ്ഡവരും തമ്മിലുണ്ടായ തർക്കത്തെക്കുറിച്ചാണ് ഇതിൽ വിവരിക്കുന്നത്. *ജനപദങ്ങളിൽ* (അധ്യായം 2 ഭൂപടം 1) ഒന്നിന്റെ ആധിപത്യം വഹിച്ച ഒരു രാജകുടുംബമായ കുരുവംശത്തിൽ പെട്ടവരായിരുന്ന ഇവർ. ഒടുവിൽ ഈ സംഘർഷം ഒരുയുദ്ധത്തിൽ അവസാനിക്കുകയും അതിൽ പാണ്ഡവന്മാർ വിജയിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് പിതൃദായക്രമമനുസരിച്ചുള്ള പിന്തുടർച്ച പ്രഖ്യാപിക്കപ്പെട്ടു. ഈ ഇതിഹാസത്തിന്റെ രചനയ്ക്ക് മുമ്പുതന്നെ പിതൃദായക്രമം നിലനിന്നിരുന്നുവെങ്കിലും *മഹാഭാരതത്തിന്റെ* കേന്ദ്രകഥ ഈ ആശയത്തെ ഒരു അമൂല്യവ്യവസ്ഥയായി ഊട്ടിയുറപ്പിച്ചു. പിതൃദായക്രമമനുസരിച്ച് പിതാവ് മരിക്കുമ്പോൾ ആൺമക്കൾക്ക് പിതാവിന്റെ വിഭവസമ്പത്ത് (രാജാക്കന്മാരാണെങ്കിൽ സിംഹാസനം ഉൾപ്പെടെ) അവകാശപ്പെടാൻ സാധിക്കുന്നു.

**കുടുംബത്തെയും ബന്ധുക്കളെയും സൂചിപ്പിക്കുന്ന പദങ്ങൾ (Terms for family and kin)**

സംസ്കൃത ഗ്രന്ഥങ്ങൾ കുടുംബങ്ങളെ സൂചിപ്പിക്കുവാൻ *കുലം* എന്ന പദം ഉപയോഗിക്കുമ്പോൾ രക്തബന്ധുക്കളുടെ വിശാല ശൃംഖലയെ *ജ്ഞാതി* എന്ന് വിളിക്കുന്നു. വംശപാരമ്പര്യങ്ങളെ സൂചിപ്പിക്കുവാൻ *വംശം* എന്ന പദമാണുപയോഗിക്കുന്നത്.

പിതാവിൽ നിന്ന് പുത്രനിലേക്കും പൗത്രനിലേക്കും പാരമ്പര്യം *തുടരുന്നതാണ് പിതൃദായക്രമം*. മാതാവിലൂടെ തുടരുന്ന പാരമ്പര്യത്തെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്ന പദമാണ് *മാതൃദായക്രമം*.




ഫലത്തിൽ ചില വ്യത്യാസങ്ങളുണ്ടായിരുന്നെങ്കിലും ഭൂരിഭാഗം രാജവംശങ്ങളും (ഏകദേശം ബി.സി.ഇ. ആറാം നൂറ്റാണ്ട് മുതൽ) ഈ വ്യവസ്ഥിതിയായിരുന്നു പിന്തുടർന്നിരുന്നത് : ആൺമക്കളില്ലാതെ വന്ന ചിലസന്ദർഭങ്ങളിൽ സഹോദരർ പിന്തുടർച്ചക്കാരായി, ചിലപ്പോൾ മറ്റു ബന്ധുക്കൾ സിംഹാസനത്തിനായി അവകാശവാദം ഉന്നയിച്ചു, അത്യപൂർവമായ ചില സന്ദർഭങ്ങളിൽ പ്രഭാവതി ഗുപ്തയെപ്പോലുള്ള സ്ത്രീകളും അധികാരപദവി വഹിച്ചു. (അധ്യായം 2)

പിതൃദായക്രമം ഭരണകുടുംബങ്ങളിൽമാത്രം ഒതുങ്ങിനിന്നതായിരുന്നില്ല. *ഋഗ്വേദം* പോലെയുള്ള അനുഷ്ഠാനഗ്രന്ഥങ്ങളിലെ മന്ത്രങ്ങളിലും ഇതുവ്യക്തമാകുന്നുണ്ട്. ബ്രാഹ്മണരടക്കമുള്ള സമ്പന്നവിഭാഗങ്ങളും ഉന്നതപദവി അവകാശപ്പെടുന്നവരും ഈ മനോഭാവം പങ്കുവച്ചിരുന്നിരിക്കാം.

*സ്രോതസ്സ് 1*

## “നല്ല ആൺമക്ക”ളെ സൃഷ്ടിക്കൽ (Producing “fine sons”)

ഋഗ്വേദത്തിലെ ഒരു മന്ത്രത്തിന്റെ ഉദ്ധരണിയാണ് ഇവിടെ നല്കുന്നത്, ഏകദേശം 1000 ബി.സി.ഇ. യോടടുത്തായിരിക്കാം ഇത് കൂട്ടിച്ചേർക്കപ്പെട്ടത്. വിവാഹച്ചടങ്ങ് നടത്തുമ്പോൾ പുരോഹിതൻ ഉരുവിടേണ്ട മന്ത്രമാണിത്. ഇക്കാലത്തും പല ഹിന്ദുവിവാഹങ്ങളിലും ഇതുപയോഗിക്കപ്പെടുന്നു :

ഞാൻ ഇവിടെ നിന്ന് അവളെ സ്വതന്ത്രയാക്കുന്നു, എന്നാൽ അവിടെ നിന്നല്ല. ഇന്ദ്രന്റെ അനുഗ്രഹത്താൽ അവൾക്ക് സൽപുത്രരെ ലഭിക്കുന്നതിനും, ഭർത്താവിന്റെ സ്നേഹത്താൽ അവൾ സൗഭാഗ്യവതിയാകുന്നതിനും ഞാൻ അവളെ അവിടെ ദൃഢമായി ചേർത്തു നിർത്തുന്നു.

ശൗര്യത്തിന്റെയും യുദ്ധത്തിന്റെയും മഴയുടെയും ദേവനായ ഇന്ദ്രൻ മുഖ്യദൈവങ്ങളിലൊന്നായിരുന്നു. യഥാക്രമം പിതാവിന്റെയും ഭർത്താവിന്റെയും വീടിനെ സൂചിപ്പിക്കുവാനാണ് "ഇവിടെ", "അവിടെ" എന്നീ പദങ്ങളുപയോഗിച്ചിരിക്കുന്നത്.

➲ ഈ മന്ത്രത്തിന്റെ പശ്ചാത്തലത്തിൽ, വധുവിന്റെയും വരന്റെയും വീക്ഷണത്തിൽ വിവാഹത്തെക്കുറിച്ചുള്ള സൂചകങ്ങൾ ചർച്ചചെയ്യുക. ഈ സൂചനകൾ സമാനമായിരുന്നോ അതോ വിഭിന്നങ്ങളായിരുന്നോ?

സ്രോതസ്സ് 2

**ബന്ധുജനങ്ങൾ തമ്മിൽ കലഹിച്ചതെന്തിന്**
**Why kinfolk quarrelled**

കൗരവർക്കും പാണ്ഡവർക്കുമിടയിൽ സംഘർഷങ്ങൾ ഉരുത്തിരിഞ്ഞത് എന്തുകൊണ്ടെന്ന് വിവരിക്കുന്ന, സംസ്കൃത മഹാഭാരതത്തിലെ ആദിപർവ്വ (ആദ്യഭാഗം എന്നർഥം) ത്തിൽ നിന്നുള്ള ഒരുദ്ധരണിയാണിത്:

കൗരവർ ധൃതരാഷ്ട്രരുടെ മക്കളായിരുന്നു, ... പാണ്ഡവർ, അവരുടെ സഹോദര പുത്രൻമാരായിരുന്നു. ധൃതരാഷ്ട്രർ അന്ധനായിരുന്നതിനാൽ അദ്ദേഹത്തിന്റെ ഇളയ സഹോദരനായ പാണ്ഡു ഹസ്തിനപുരിയിൽ സിംഹാസനാരോഹണം ചെയ്തു (ഭൂപടം 1 കാണുക)....... എന്നാൽ പാണ്ഡുവിന്റെ അകാല വിയോഗത്തെത്തുടർന്ന്, രാജകുമാരന്മാർ നന്നെ പ്രായം കുറഞ്ഞവരായിരുന്നതിനാൽ ധൃതരാഷ്ട്രർ രാജാവായി. രാജകുമാരൻമാർ ഒരുമിച്ച് വളർന്ന് വലുതായപ്പോൾ കൗരവരെക്കാൾ കഴിവും സദ്ഗുണങ്ങളുമുള്ള പാണ്ഡവരോട് ഹസ്തിനപുരിയിലെ ജനങ്ങൾ കൂടുതൽ താൽപര്യം കാണിച്ചുതുടങ്ങി. ഇത് കൗരവരിൽ മൂത്തവനായ ദുര്യോധനനെ അസൂയാലുവാക്കി. തന്റെ പിതാവിനെ സമീപിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു. അങ്ങയുടെ വൈകല്യംനിമിത്തം അങ്ങേയ്ക്ക് ഈ സിംഹാസനം ലഭ്യമായില്ലെങ്കിലും, ഇപ്പോഴിത് അങ്ങയുടെമേൽ വന്നുചേർന്നിരിക്കുന്നു. പാണ്ഡുവിൽ നിന്ന് പൈതൃകാധികാരം പാണ്ഡവർക്ക് ലഭിച്ചാൽ സുനിശ്ചിതമായും അദ്ദേഹത്തിന്റെ മകൻ അടുത്ത രാജാവാകും. അവന്റെ മകൻ അടുത്തതും; അങ്ങനെ ആ പാരമ്പര്യം തുടരും. ഭൂമിനാഥാ, ഞങ്ങളും ഞങ്ങളുടെ പുത്രന്മാരും രാജകീയ പിന്തുടർച്ചയിൽ നിന്ന് നിഷ്ക്കാസിതരാകുകയും ലോക ദൃഷ്ടിയിൽ യാതൊരു പരിഗണനയുമില്ലാത്തവരായി മാറുകയും ചെയ്യും!"

ഇത്തരം വിവരണങ്ങൾ അക്ഷരാർഥത്തിൽ ശരിയാകണമെന്നില്ലെങ്കിലും ഗ്രന്ഥകർത്താക്കളുടെ ചിന്ത എന്താണെന്നതു സംബന്ധിച്ച് ഇവ നമുക്കൊരുൾക്കാഴ്ച നൽകുന്നു. ചിലപ്പോഴൊക്കെ, ഇക്കാര്യത്തിലെന്നപോലെ, അവയിൽ വിരുദ്ധാശയങ്ങൾ നിലനിൽക്കുന്നുണ്ട്.

➲ ഈ ഖണ്ഡിക വായിച്ച്, രാജാവാകുന്നതിന് നിർദേശിക്കപ്പെട്ടിട്ടുള്ള വ്യത്യസ്ത മാനദണ്ഡങ്ങൾ പട്ടികപ്പെടുത്തുക. ഇവയിൽ ഒരു പ്രത്യേക കുടുംബത്തിലെ ജനനം എത്രത്തോളം പ്രാധാന്യമേറിയതായിരുന്നു? ഈ മാനദണ്ഡങ്ങളിൽ ഏതാണ് നീതീകരിക്കപ്പെട്ടതായി തോന്നുന്നത്? ഇവയിലേതെങ്കിലും നീതിയുക്തമല്ലാത്തതായി നിങ്ങൾക്ക് തോന്നുന്നുണ്ടോ?

## 2.3 വിവാഹനിയമങ്ങൾ (Rules of marriage)

പിതൃദായകക്രമത്തിന്റെ തുടർച്ചയ്ക്ക് ആൺമക്കൾ വളരെ പ്രധാനമായപ്പോൾ പെൺമക്കളെ ഈ ചട്ടക്കൂടിൽ വ്യത്യസ്തമായാണ് വീക്ഷിച്ചത്. കുടുംബസ്വത്തിൽ അവർക്ക് യാതൊരു അവകാശവും ലഭിച്ചിരുന്നില്ല. അതേസമയം ഇവരെ രക്തബന്ധമില്ലാത്ത അന്യകുടുംബങ്ങളിലേക്ക് വിവാഹം കഴിപ്പിച്ചയയ്ക്കുക എന്നതാണ് അഭികാമ്യമെന്ന് കരുതപ്പെട്ടു. എക്സോഗമി (പുറത്ത് നിന്ന് വിവാഹം കഴിക്കുക എന്ന് വാച്യാർത്ഥം) എന്നറിയപ്പെട്ടിരുന്ന ഈ സമ്പ്രദായത്തിൽ ഉന്നതസ്ഥാനം അവകാശപ്പെടുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെയും യുവതികളുടെയും ജീവിതം, അവരെ "ശരിയായ സമയത്ത്" "ശരിയായ ആളെക്കൊണ്ട്" വിവാഹം കഴിപ്പിക്കുക എന്നതാണ്. തൽഫലമായി, കന്യാദാനം അഥവാ മകളെ വിവാഹം ചെയ്തയയ്ക്കൽ പിതാവിന്റെ ധർമനിഷ്ഠമായ ഒരുപ്രധാന ഉത്തരവാദിത്വമാണ് എന്ന വിശ്വാസം വളർന്നുവന്നു.

**വിവാഹ രീതികൾ**

*ഒരു ഘടകത്തിനകത്തു നിന്നുള്ള വിവാഹത്തെ എൻഡോഗമി എന്നു വിളിക്കുന്നു – ഈ ഘടകം ഒരു ബന്ധുസംഘമോ ജാതിയോ ഒരേ പ്രദേശത്ത് ജീവിക്കുന്നവരോ ആകാം. ഘടകത്തിന് പുറത്തു നിന്നുള്ള വിവാഹത്തെ എക്സോഗമി എന്ന് വിളിക്കുന്നു.*

*ഒരു പുരുഷന് ഒന്നിലേറെ ഭാര്യമാരുള്ള സമ്പ്രദായമാണ് ബഹുഭാര്യത്വം (polygamy).*

*ഒരു സ്ത്രീക്ക് ഒന്നിലേറെ ഭർത്താക്കൻമാരുണ്ടായിരിക്കുന്നതാണ് ബഹുഭർതൃത്വം (polyandry).*

*സ്രോതസ്സ് 3*

**എട്ടു വിവാഹ സമ്പ്രദായങ്ങൾ (Eight forms of marriage)**

മനുസ്മൃതിയിൽ വിവരിക്കുന്ന ഒന്നും, നാലും അഞ്ചും ആറും വിവാഹസമ്പ്രദായങ്ങളാണ് ചുവടെ സൂചിപ്പിക്കുന്നത്:

ഒന്നാമത്തേത് : പിതാവു ക്ഷണിക്കുന്ന വേദജ്ഞാനിയായ പുരുഷനു വിലയേറിയ ആടയാഭരണങ്ങളണിയിച്ചൊരുക്കിയ പുത്രിയെ സമ്മാനിക്കുന്ന രീതി.

നാലാമത്തേത് : "നിങ്ങൾക്കിരുവർക്കും ഒരുമിച്ച് നിങ്ങളുടെ കർത്തവ്യങ്ങൾ നിർവഹിക്കുവാൻ കഴിയട്ടെ" എന്നു ദമ്പതികളെ അഭിസംബോധന ചെയ്യുകയും വരനെ ആദരിക്കുകയും ചെയ്തശേഷം പിതാവ് മകളെ സമ്മാനമായി നൽകുന്ന രീതി.

അഞ്ചാമത്തേത് : വരൻ, സ്വന്തം ഇഷ്ടപ്രകാരം വധുവിനും അവരുടെ ബന്ധുജനത്തിനും തന്റെ കഴിവിനൊത്തു ധനം നൽകി കന്യകയെ സ്വീകരിക്കുന്ന രീതി.

ആറാമത്തേത് : ആഗ്രഹസാക്ഷാത്ക്കാരത്തിനായി കന്യകയും അവളുടെ പ്രണയിതാവും സ്വമേധയാ ഒന്നാകുന്നത്.

➲ ഓരോ വിവാഹ സമ്പ്രദായത്തിലും വിവാഹത്തെക്കുറിച്ചുള്ള തീരുമാനമെടുത്തിരുന്നത് ആരെന്ന് വിശദീകരിക്കുക.

a. വധു
b. വരൻ
c. വധുവിന്റെ പിതാവ്
d. വരന്റെ പിതാവ്
e. മറ്റേതെങ്കിലും വ്യക്തി

പുതിയ നഗരങ്ങളുടെ ആവിർഭാവത്തോടെ (അധ്യായം 2) സാമൂഹ്യജീവിതം കൂടുതൽ സങ്കീർണമായി മാറി. സമീപസ്ഥരും വിദൂരസ്ഥരും സാധനങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനും അവരുടെ ആശയങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നതിനുമായി നഗരാന്തരീക്ഷത്തിൽ സംഗമിച്ചു. ഇത് മുൻവിശ്വാസങ്ങളെയും ആചാരങ്ങളെയും ചോദ്യം ചെയ്യുന്നതിലേക്ക് ജനങ്ങളെ നയിച്ചിരിക്കാം. (അധ്യായം 4 കൂടി കാണുക). ഈ വെല്ലുവിളി അഭിമുഖീകരിച്ച ബ്രാഹ്മണർ അതിവിപുലമായ ഒരു പൊതുസാമൂഹ്യപ്പെരുമാറ്റസംഹിതയ്ക്ക് രൂപം നൽകിക്കൊണ്ടാണ് പ്രതികരിച്ചത്. ഇവ ബ്രാഹ്മണർ പ്രത്യേകിച്ചും, മറ്റുവിഭാഗത്തിൽപ്പെട്ടവർ പൊതുവായും പിൻതുടരുവാനുദ്ദേശിച്ചുള്ളവയായിരുന്നു. ഏകദേശം 500 ബി.സിക്ക് ശേഷം ഈ നിയമാവലികൾ സംസ്കൃതഗ്രന്ഥങ്ങളായി ക്രോഡീകരിക്കുകയും അവ ധർമ്മസൂത്രങ്ങൾ, ധർമ്മശാസ്ത്രങ്ങൾ എന്നീ പേരുകളിൽ അറിയപ്പെടുകയും ചെയ്തു. ഇത്തരം കൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടതായ മനുസ്മൃതി 200 ബി.സി. ഇയ്ക്കും 200 സി.ഇ.യ്ക്കും ഇടയ്ക്കാണ് ക്രോഡീകരിക്കപ്പെട്ടത്.

തങ്ങളുടെ വീക്ഷണങ്ങൾക്ക് സാർവത്രിക സാധുതയുണ്ടെന്നും തങ്ങൾ നിർദേശിച്ച കാര്യങ്ങൾ എല്ലാവരും അനുസരിക്കേണ്ടതാണെന്നും ഈ കൃതികളുടെ കർത്താക്കളായ ബ്രാഹ്മണർ അവകാശപ്പെട്ടപ്പോൾ യഥാർഥ സാമൂഹ്യബന്ധങ്ങൾ കൂടുതൽ സങ്കീർണമായിരുന്നിരിക്കണം. കൂടാതെ, ഉപഭൂഖണ്ഡത്തിലെ പ്രാദേശിക വൈവിധ്യങ്ങളും, ആശയവിനിമയത്തിലെ ബുദ്ധിമുട്ടുകളും കണക്കിലെടുത്താൽ ബ്രാഹ്മണസ്വാധീനം സർവവ്യാപിയായിരുന്നില്ല എന്നു വ്യക്തമാകും.

ശ്രദ്ധേയമായ ഒരുവസ്തുത *ധർമ്മസൂത്രങ്ങളും ധർമ്മശാസ്ത്രങ്ങളും* എട്ടുതരം വിവാഹസമ്പ്രദായങ്ങളെ അംഗീകരിച്ചിരുന്നു എന്നതാണ്. ഇവയിൽ ആദ്യത്തെ നാലെണ്ണം ഉത്തമമായി കണക്കാക്കപ്പെട്ടപ്പോൾ ബാക്കി നാലെണ്ണവും അപലപിക്കപ്പെട്ടു. ബ്രാഹ്മണരുടെ നിയമാവലികളെ സ്വീകരിക്കാത്തവരായിരിക്കാം നിരാകരിക്കപ്പെട്ട വിവാഹസമ്പ്രദായങ്ങൾ അനുഷ്ഠിച്ചിരുന്നത്.

### 2.4 സ്ത്രീകളുടെ ഗോത്രം (The *gotra* of women)

ബി.സി.ഇ 1000 മുതൽതന്നെ കാണപ്പെട്ട ഒരു ബ്രാഹ്മണസമ്പ്രദായം ജനങ്ങളെ (പ്രത്യേകിച്ച് ബ്രാഹ്മണർ) ഗോത്രങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുക എന്നതായിരുന്നു. ഒരു വൈദികാചാര്യന്റെ പേരാണ് ഓരോ ഗോത്രത്തിനും നൽകിയിരുന്നത്. ആ ഗോത്രത്തിൽ ഉൾപ്പെട്ടിരുന്നവരെല്ലാം അദ്ദേഹത്തിന്റെ പിൻഗാമികളായി കണക്കാക്കപ്പെട്ടു. ഗോത്രങ്ങളെക്കുറിച്ചുള്ള രണ്ടുനിയമങ്ങൾ വളരെ പ്രധാനമായിരുന്നു. വിവാഹശേഷം സ്ത്രീകൾ അവരുടെ പിതാവിന്റെ ഗോത്രം ഉപേക്ഷിക്കുകയും ഭർത്താവിന്റെ ഗോത്രം സ്വീകരിക്കുകയും ചെയ്യണം; ഒരേ ഗോത്രത്തിലെ അംഗങ്ങൾ തമ്മിലുള്ള വിവാഹം അനുവദനീയമായിരുന്നില്ല.

ഇതു പൊതുവായി പിൻതുടർന്നിരുന്ന രീതിയാണോ എന്നു കണ്ടുപിടിക്കാനുള്ള ഒരു മാർഗം ചിലപ്പോഴെങ്കിലും ഗോത്രനാമങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്ന സ്ത്രീ–പുരുഷന്മാരുടെ പേരു

കൾ പരിശോധിക്കലാണ്. ഡക്കാനും പശ്ചിമേന്ത്യയുടെ ഭാഗങ്ങളും ഭരിച്ചിരുന്ന ശതവാഹനരെപ്പോലുള്ള ശക്തരായ ഭരണവംശങ്ങൾ (ബി.സി.ഇ. രണ്ടാംനൂറ്റാണ്ടിനും സി.ഇ. രണ്ടാംനൂറ്റാണ്ടിനും ഇടയിൽ) ഈ ഗോത്രനാമങ്ങൾ സ്വീകരിച്ചിരുന്നു. ഇവരുടെ ലിഖിതങ്ങൾ പലതും കണ്ടെത്തിയതിലൂടെ വിവാഹങ്ങളുൾപ്പെടെ കുടുംബബന്ധങ്ങളെക്കുറിച്ചറിയുവാൻ ചരിത്രകാരർക്ക് കഴിഞ്ഞിട്ടുണ്ട്.

ശതവാഹന ഭരണാധികാരികളിൽ ചിലർ ബഹുഭാര്യാത്വം (ഒന്നിൽക്കൂടുതൽ ഭാര്യമാർ ഉണ്ടായിരുന്നു) പിൻതുടർന്നവരായിരുന്നു.

*സ്രോതസ്സ് 4*

### ശിലാലിഖിതങ്ങളിൽ നിന്നുള്ള ശതവാഹന രാജാക്കന്മാരുടെ പേരുകൾ (Names of Satavahana kings from inscriptions)

ശിലാലിഖിതങ്ങളിൽ നിന്ന് കണ്ടെടുത്തിട്ടുള്ള അനേകം തലമുറകളിൽപ്പെട്ട ശതവാഹന ഭരണാധികാരികളുടെ പേരുകളാണിവ. പൊതു സ്ഥാനപ്പേരായ 'രാജ' ശ്രദ്ധിക്കുക. 'പുത' എന്നവസാനിക്കുന്ന തുടർന്നുള്ള പദവും ശ്രദ്ധിക്കുക. പ്രാകൃത് പദമായ 'പുത' യുടെ അർഥം 'പുത്രൻ' എന്നാണ്. 'ഗോതമി-പുത' എന്ന വാക്കിന് 'ഗോതമിയുടെ പുത്രൻ' എന്നാണർഥം. ഗോതമി, വസിഥി മുതലായവ പേരുകൾ ഗോതമ, വസിഷ്ഠ എന്നീ പേരുകളുടെ സ്ത്രീലിംഗരൂപങ്ങളാണ്. വേദാചാര്യരുടെ പേരുകളിലാണ് പൊതുവെ ഗോത്രങ്ങൾ നാമകരണം ചെയ്യപ്പെട്ടിരുന്നത്.

രാജാഗോതമി - പുതസിരി - ശതകനി

രാജാവസിഥി - പുത (സമി-) സിരി - പുലുമായി

രാജാഗോതമി - പുതസമി-സിരി-യാന-ശതകനി


രാജാമാധരി-പുത സ്വാമി-ശകസേന

രാജാവസിഥി - പുത ചതരപാണ-ശതകനി

രാജ ഹരിതി - പുത വിൻഹുകദ ചുതുകുലനന്ദ-ശതകാംനി

രാജ ഗോതമി-പുത-സിരി-വിജയ-ശതകനി

> ➲ എത്ര ഗോതമി-പുതൻമാരും, എത്ര വസിഥി (ഇതര അക്ഷരവിന്യാസം 'വസഥി') പുതൻമാരും ഉണ്ട് ?



*ചിത്രം 3.3*
*ഒരു ശതവാഹന ഭരണാധികാരിയും* അദ്ദേഹത്തിന്റെ പത്നിയും. ബൗദ്ധസന്യാസിമാർക്ക് ദാനമായി നൽകിയ ഗുഹയുടെ ഭിത്തിയിൽ ചിത്രീകരിച്ചിട്ടുള്ള ഒരു ഭരണാധികാരിയുടെ അപൂർവം ശില്പകലാ ചിത്രീകരണങ്ങളിലൊന്നാണിത്. ഏകദേശം രണ്ടാം നൂറ്റാണ്ട് ബി.സി.ഇ. ആണ് ഈ ശില്പത്തിന്റെ കാലം

### പുത്രന്മാരെ അമ്മയുടെ പേരിൽ നാമകരണം ചെയ്യൽ ഉപനിഷത്തുക്കളിൽ (Metronymics in the Upanishads)

ആദ്യകാല ഉപനിഷത്തുകളിലൊന്നായ *ബൃഹദാരണ്യകോപനിഷത്ത്* (അധ്യായം 4 കൂടി കാണുക) അമ്മയുടെ പേരിൽ നാമകരണം ചെയ്യപ്പെട്ടവരുൾപ്പെടെ തുടർതലമുറകളിൽപ്പെട്ട ഗുരുക്കന്മാരുടെയും ശിഷ്യരുടെയും ഒരുപട്ടിക ഉൾക്കൊള്ളുന്നു.

സ്രോതസ്സ് 6

**ഒരു അമ്മയുടെ ഉപദേശം (A mother's advice)**

കൗരവ - പാണ്ഡവയുദ്ധം അനിവാര്യമായ ഘട്ടത്തിൽ തന്റെ മൂത്ത പുത്രനായ ദുര്യോധനനോട് ഗാന്ധാരി ഒരു അവസാന അഭ്യർഥന നടത്തുന്നതെങ്ങനെയെന്ന് മഹാഭാരതത്തിൽ വിവരിക്കുന്നുണ്ട് :

സമാധാനമുണ്ടാക്കുക വഴി നീ നിന്റെ പിതാവിനെയും എന്നെയും നിന്റെ അഭ്യുദയകാംക്ഷികളെയും ആദരിക്കുകയായിരിക്കും ചെയ്യുന്നത്... തന്റെ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുവാൻ കഴിവുള്ള ഒരു വിവേകിയാണ് തന്റെ രാജ്യത്തെ സംരക്ഷിക്കുന്നത്. അത്യാർത്തിയും, കോപവും ഒരു മനുഷ്യനെ തന്റെ നേട്ടങ്ങളിൽനിന്ന് അകറ്റുന്നു. ഈ രണ്ടു ശത്രുക്കളെയും തോൽപ്പിക്കുന്നതിലൂടെ ഒരു രാജാവ് ഈ ഭൂമിയെത്തന്നെ കീഴടക്കുന്നു... അതിനാൽ എന്റെ മകനേ, നീ വിവേകികളും വീരന്മാരുമായ പാണ്ഡവരോടൊപ്പം സന്തോഷത്തോടെ ഈ ഭൂമിയെ ആസ്വദിക്കൂ. ഒരു യുദ്ധത്തിൽ നന്മയില്ല, നിയമമില്ല (ധർമം), ലാഭവുമില്ല (അർഥം); സന്തോഷം അന്യമാണ്; ഒടുവിൽ വിജയവുമില്ല (അനിവാര്യമായി) - യുദ്ധത്തിനായി നിന്റെ മനസ്സിനെ തയാറാക്കരുത്...

ദുര്യോധനൻ ഈ ഉപദേശം ചെവിക്കൊള്ളാതെ യുദ്ധം ചെയ്യുകയും പരാജയപ്പെടുകയും ചെയ്തു.

➲ ആദ്യകാല സമൂഹങ്ങളിലെ അമ്മമാരോടുള്ള കാഴ്ചപ്പാടിനെക്കുറിച്ച് ഈ കഥ നിങ്ങൾക്ക് എന്തെങ്കിലുമൊരു അറിവ് നൽകുന്നുണ്ടോ?

➲ **ചർച്ച ചെയ്യുക...**

ഇന്ന് കുട്ടികൾക്ക് പേരിടുന്നതെങ്ങനെയാണ്? ഈ പേരിടൽ രീതികൾ ഈ ഭാഗത്തു വിവരിച്ചിരിക്കുന്ന പേരിടൽ രീതികൾക്കു സമാനമാണോ, അവയിൽ നിന്നു വ്യത്യസ്തമാണോ?

ശതവാഹന ഭരണാധികാരികളുമായി വിവാഹബന്ധത്തിലേർപ്പെട്ട സ്ത്രീകളുടെ പേരുകൾ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത് അവരിൽ പലർക്കും തങ്ങളുടെ പിതാക്കന്മാരുടെ ഗോത്രനാമങ്ങളായ ഗോതമ, വസിഷ്ഠ മുതലായവയിൽനിന്നുത്ഭവിച്ച പേരുകളാണ് ഉണ്ടായിരുന്നത് എന്നാണ്. ബ്രാഹ്മണ നിയമാവലിക്കനുസൃതമായി വിവാഹശേഷം ഭർത്താവിന്റെ ഗോത്രം സ്വീകരിക്കാതെ, അവർ പിതാവിന്റെ ഗോത്രനാമം നിലനിർത്തി എന്നുള്ളത് വ്യക്തമാണ്. ഇതിൽ ചില സ്ത്രീകൾ ഒരേ ഗോത്രത്തിൽപ്പെട്ടവരായിരുന്നുവെന്നും വ്യക്തമാണ്. ബ്രാഹ്മണഗ്രന്ഥങ്ങളിൽ നിർദേശിക്കപ്പെട്ട അന്യഗണവിവാഹത്തിനെതിരാണ് ഇതെന്നും നിശ്ചയമാണ്. ദക്ഷിണേന്ത്യയിൽ പല സമുദായങ്ങളിലും നിലവിലുണ്ടായിരുന്ന (ഇപ്പോഴും നിലവിലുള്ള), ബന്ധുസംഘത്തിൽ നിന്നുതന്നെയുള്ള വിവാഹമായ എൻഡോഗാമി (Endogamy) എന്ന മറ്റൊരു സമ്പ്രദായത്തിന്റെ ഉത്തമദൃഷ്ടാന്തമാണ് ഇവിടെ കാണുന്നത്. ബന്ധുക്കൾ തമ്മിലുള്ള, (സഹോദരരുടെ മക്കൾപോലെ) ഇത്തരം വിവാഹങ്ങൾ സമുദായത്തിന്റെ കെട്ടുറപ്പ് സുനിശ്ചിതമാക്കി.

ഉപഭൂഖണ്ഡത്തിന്റെ മറ്റുപ്രദേശങ്ങളിലും വ്യത്യാസങ്ങൾ നിലനിന്നിരിക്കാമെങ്കിലും സൂക്ഷ്മമായ വിശദാംശങ്ങൾ പുനർസൃഷ്ടിക്കുക ഇപ്പോൾ അസാധ്യമാണ്.

### 2.5 അമ്മമാർക്ക് പ്രധാന്യമുണ്ടായിരുന്നോ? (Were mothers important?)

ശതവാഹന ഭരണാധികാരികൾ മെട്രോണിമിക്സിലൂടെയാണ് (അമ്മമാരുടെ പേരുകളിൽ നിന്ന് രൂപപ്പെടുന്ന പേരുകൾ) അറിയപ്പെട്ടിരുന്നത് എന്ന് നമ്മൾ കണ്ടുകഴിഞ്ഞു. അമ്മമാർക്ക് പ്രാധാന്യമുണ്ടായിരുന്നതായി ഇത് സൂചിപ്പിക്കുന്നുവെങ്കിലും ഒരു നിഗമനത്തിലെത്തുന്നതിനുമുമ്പ് നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. ശതവാഹനരുടെ കാര്യത്തിൽ സിംഹാസനത്തിലേക്കുള്ള പിന്തുടർച്ചാവകാശം പൊതുവെ പിതൃദായക്രമപ്രകാരമായിരുന്നുവെന്നു നമുക്കറിയാവുന്നതാണ്.



ചിത്രം 3.4
ഒരു ശില്പഭാഗം

മഹാഭാരതത്തിലെ ഒരു രംഗത്തിനെക്കുറിച്ചുള്ള ഏറ്റവുമാദ്യത്തെ ശില്പചിത്രീകരണങ്ങളിലൊന്നാണിത്; അഹിച്ഛത്ര (ഉത്തർപ്രദേശ്) യിലെ ഒരു ക്ഷേത്രഭിത്തിയിലുള്ള ഒരു കളിമൺശില്പം. ഏകദേശം സി.ഇ 5-ാം നൂറ്റാണ്ട്.

## 3. സാമൂഹിക വ്യത്യാസങ്ങൾ:
### ജാതിയുടെ ചട്ടക്കൂടിനകത്തും പുറത്തും
### (Social Differences : Within and Beyond the Framework of Caste)

ജാതി എന്ന പദം നിങ്ങൾക്ക് മിക്കവാറും സുപരിചിതമാണല്ലോ. ശ്രേണീരൂപത്തിൽ ക്രമപ്പെടുത്തിയിട്ടുള്ള സാമൂഹ്യവിഭാഗങ്ങളുടെ കൂട്ടമാണ് ജാതി. ഇതിന്റെ മാതൃകാപരമായഘടന ധർമ്മസൂത്രങ്ങളിലും ധർമ്മശാസ്ത്രങ്ങളിലും എഴുതിവച്ചിട്ടുണ്ട്. ഈ ഘടനയിൽ ഒന്നാമത് നിലകൊള്ളുന്ന ബ്രാഹ്മണർ ഇത് ദൈവദത്തനിയമമാണെന്ന് അവകാശപ്പെട്ടു. ശൂദ്രരും, തൊട്ടുകൂടാത്തവരുമായി തരം തിരിക്കപ്പെട്ട വിഭാഗങ്ങളെ ഇവർ സാമൂഹ്യ ഘടനയുടെ ഏറ്റവും താഴെത്തട്ടിലാണ് പ്രതിഷ്ഠിച്ചത്. ശ്രേണിയിലെ സ്ഥാനം തീരുമാനിക്കപ്പെട്ടത് ജനനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു.

### 3.1 "ശരിയായ" തൊഴിൽ (The "right" occupation)

നാല് വിഭാഗങ്ങളുടെ അല്ലെങ്കിൽ വർണ്ണങ്ങളുടെ മാതൃകാതൊഴിലുകളെക്കുറിച്ചുള്ള നിയമങ്ങൾ ധർമ്മസൂത്രങ്ങളിലും ധർമ്മശാസ്ത്രങ്ങളിലും ഉണ്ട്. വേദങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക, യാഗങ്ങൾ നടത്തുകയും നടത്തിക്കുകയും ചെയ്യുക, ഉപഹാരങ്ങൾ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുക തുടങ്ങിയവയായിരുന്നു ബ്രാഹ്മണരുടെ കർത്തവ്യങ്ങൾ. ക്ഷത്രിയർ യുദ്ധങ്ങളിൽ പങ്കെടുക്കുകയും ജനങ്ങളെ സംരക്ഷിക്കുകയും നീതി നടപ്പാക്കുകയും വേദങ്ങൾ പഠിക്കുകയും യാഗങ്ങൾ നടത്തുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്യണം. മുകളിൽ അവസാനം പറഞ്ഞ മൂന്ന് തൊഴിലുകൾ വൈശ്യർക്കും നൽകപ്പെട്ടിരുന്നു. ഇവക്കു പുറമെ കൃഷി, കാലിമേയ്ക്കൽ, വ്യാപാരം എന്നിവയിലും അവർക്ക് ഏർപ്പെടാം. മൂന്ന് മേൽവർണ്ണങ്ങളെയും സേവിക്കുക എന്നത് മാത്രമായിരുന്നു ശൂദ്രർക്ക് നൽകിയിരുന്ന തൊഴിൽ.

ഈ നിയമങ്ങൾ നടപ്പിലാക്കുവാൻ ബ്രാഹ്മണർ രണ്ടുമൂന്നു തന്ത്രങ്ങൾ വികസിപ്പിച്ചെടുത്തിരുന്നു. നമ്മൾ ഇപ്പോൾ കണ്ടതു പോലെ വർണ്ണഘടന ദൈവദത്തമാണെന്ന് സമർഥിക്കുകയായിരുന്നു അതിലൊന്ന്. രണ്ടാമതായി തങ്ങളുടെ രാജ്യപരിധിക്കുള്ളിൽ ഈ നിയമങ്ങൾ പിന്തുടരുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ അവർ രാജാക്കന്മാരെ ഉപദേശിച്ചു. മൂന്നാമതായി ജനനത്തിലൂടെയാണ് ഒരാളിന്റെ സ്ഥാനം നിർണയിക്കപ്പെടുന്നതെന്ന് തീർച്ചയാക്കാൻ ജനങ്ങളെ അവർ പ്രേരിപ്പിച്ചു. എന്നാൽ ഇത് എല്ലായ്പ്പോഴും എളുപ്പമായിരുന്നില്ല. അതിനാൽ പലപ്പോഴും മഹാഭാരതത്തിലും മറ്റ് ഗ്രന്ഥങ്ങളിലുമുള്ള കഥകളിലൂടെ ഈ നിർദേശങ്ങളെ അവർ ബലപ്പെടുത്തി.

സോഴ്സ് 6

**ഒരു ദൈവിക ക്രമം?**
**(A divine order?)**

തങ്ങളുടെ വാദമുഖങ്ങളെ ന്യായീകരിക്കാൻ ബ്രാഹ്മണർ പലപ്പോഴും ഋഗ്വേദത്തിലെ പുരുഷ സൂക്തത്തിൽ നിന്ന് ഒരു സ്തുതി ഗീതം ഉദ്ധരിച്ചിരുന്നു. ആദിമനുഷ്യനായ 'പുരുഷന്റെ' യാഗത്തെക്കുറിച്ച് വിവരിക്കുന്ന ഭാഗമാണിത്. നാല് സാമൂഹികവിഭാഗങ്ങളുൾപ്പെടെ പ്രപഞ്ചത്തിലെ എല്ലാ ഘടകങ്ങളും ഉത്ഭവിച്ചത് അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്നാണെന്ന് ഇതു പറയുന്നു.

ബ്രാഹ്മണർ അദ്ദേഹത്തിന്റെ വായിൽ നിന്നും; ക്ഷത്രിയർ അദ്ദേഹത്തിന്റെ കൈകളിൽ നിന്നുമുണ്ടായി.

അദ്ദേഹത്തിന്റെ തുടകളിൽ നിന്ന് വൈശ്യരും പാദങ്ങളിൽ നിന്ന് ശൂദ്രരും ജനിച്ചു.

➲ ബ്രാഹ്മണർ ഈ ശ്ലോകം ഇടയ്ക്കിടെ ഉദ്ധരിക്കാനുള്ള കാരണം എന്താണെന്നാണ് നിങ്ങൾ കരുതുന്നത്?

*സ്രോതസ്സ് 7*

### "ശരിയായ" സമൂഹിക കടമകൾ ("Proper" social roles)

മഹാഭാരതം ആദിപർവത്തിൽ നിന്നുള്ള ഒരു കഥയാണിത്.

കുരുവംശത്തിലെ രാജാകുമാരന്മാരെ അസ്ത്രവിദ്യ അഭ്യസിപ്പിക്കുന്ന ബ്രാഹ്മണനായ ദ്രോണരെ ഒരിക്കൽ നിഷാദവംശത്തിൽപ്പെട്ട (ഒരു നായാടി സമൂഹം) വനവാസിയായ ഏകലവ്യൻ സമീപിച്ചു. എന്നാൽ ധർമ്മം അറിയാവുന്ന ദ്രോണർ അയാളെ തന്റെ ശിഷ്യനാക്കാൻ വിസമ്മതിച്ചു. അപ്പോൾ വനത്തിലേക്ക് മടങ്ങിയ ഏകലവ്യൻ, ദ്രോണരുടെ ഒരു കളിമൺ ശില്പമുണ്ടാക്കി അതിനെ ഗുരുവായി കണക്കാക്കി സ്വയം പരിശീലനം ആരംഭിച്ചു. കാലക്രമേണ അയാൾ അമ്പെയ്ത്തിൽ വലിയ പ്രാവീണ്യം നേടി. ഒരിക്കൽ കുരുരാജകുമാരന്മാർ വേട്ടയാടിക്കൊണ്ടിരിക്കുമ്പോൾ വനത്തിലൂടെ അലഞ്ഞുനടന്ന അവരുടെ നായ ഏകലവ്യനെ കാണാനിടയായി. കറുത്ത മാൻതോലുടുത്ത് ദേഹമാസകലം അഴുക്കുപുരണ്ട് ഇരുണ്ട നിഷാദനെ മണത്തറിഞ്ഞ നായ കുരയ്ക്കാൻതുടങ്ങി. അസഹ്യനായ ഏകലവ്യൻ അതിന്റെ വായിലേക്ക് ഏഴ് അമ്പുകൾ എയ്ത് വിട്ടു. നായ പാണ്ഡവരുടെ അടുത്തേക്ക് മടങ്ങിയെത്തിയപ്പോൾ, അമ്പെയ്ത്തിന്റെ ഈ ഉത്കൃഷ്ടമായ പ്രകടനം അവരെ അദ്ഭുതപ്പെടുത്തി. ഏകലവ്യനെ അന്വേഷിച്ച് കണ്ടെത്തിയ അവരോട് താൻ ദ്രോണരുടെ ശിഷ്യനാണ് എന്ന് അയാൾ സ്വയം പരിചയപ്പെടുത്തി.

ദ്രോണർ ഒരിക്കൽ തന്റെ പ്രിയ ശിഷ്യനായ അർജ്ജുനനോട് അവനെ പരാജയപ്പെടുത്താൻ തന്റെ ശിഷ്യരിലാർക്കും കഴിയില്ലെന്ന് അഭിപ്രായപ്പെട്ടിരുന്നു. അർജ്ജുനൻ ഇപ്പോൾ ഇക്കാര്യം ദ്രോണരെ ഓർമ്മിപ്പിച്ചു. ഏകലവ്യനെ സമീപിച്ച ദ്രോണരെ അയാൾ തികഞ്ഞ ആദരവോടെ തന്റെ ഗുരുവായി സ്വീകരിച്ചു. ഗുരുദക്ഷിണയായി ദ്രോണർ ഏകലവ്യന്റെ വലതു കൈയിലെ പെരുവിരൽ ആവശ്യപ്പെട്ടപ്പോൾ ഒട്ടും മടിക്കാതെ തന്നെ അയാൾ അത് മുറിച്ച് നൽകി. എന്നാൽ അതിനുശേഷം തന്റെ ബാക്കി വിരലുകളുമായി അമ്പെയ്ത്ത് തുടർന്ന ഏകലവ്യന് പഴയ വേഗത വീണ്ടെടുക്കാനായില്ല. അങ്ങനെ അർജ്ജുനനെക്കാൾ കേമനായി ആരുമുണ്ടാകില്ലെന്ന തന്റെ വാക്കു പാലിക്കുവാൻ ദ്രോണർക്ക് കഴിഞ്ഞു.

➲ ഈ കഥ നിഷാദർക്ക് എന്തു സന്ദേശം കൈമാറാനാണ് ഉദ്യമിക്കുന്നത്? ക്ഷത്രിയർക്ക് ഈ കഥ എന്തു സന്ദേശമാണ് നൽകുക ?
ഒരു ബ്രാഹ്മണനായ ദ്രോണർ അസ്ത്രവിദ്യ പഠിപ്പിച്ചത് ധർമ്മശാസ്ത്രാനുസൃതമായിരുന്നുവെന്നു നിങ്ങൾ കരുതുന്നുണ്ടോ?

### 3.2 ക്ഷത്രിയേതര രാജാക്കന്മാർ (Non-Kshatriya kings)

ശാസ്ത്രപ്രകാരം ക്ഷത്രിയർക്കു മാത്രമേ രാജാവാകാൻ കഴിയുമായിരുന്നുള്ളൂ. എങ്കിലും പ്രധാനപ്പെട്ട പല ഭരണവംശങ്ങളുടെയും ഉത്ഭവം മിക്കവാറും ക്ഷത്രിയേതരമായിരുന്നു. വളരെ വിശാലമായ ഒരു സാമ്രാജ്യം ഭരിച്ചിരുന്ന മൗര്യരുടെ സാമൂഹ്യപശ്ചാത്തലം ചുടേറിയ വാദപ്രതിവാദങ്ങൾക്കു വിഷയമായിട്ടുണ്ട്. പിൽക്കാല ബുദ്ധമതഗ്രന്ഥങ്ങൾ അവരെ ക്ഷത്രിയരായി ചൂണ്ടിക്കാട്ടിയപ്പോൾ ബ്രാഹ്മണഗ്രന്ഥങ്ങൾ അവരെ "താഴ്ന്ന" വിഭാഗത്തിൽ ജനിച്ചവരായാണ് കണക്കാക്കിയത്. മൗര്യരുടെ തൊട്ടടുത്ത പിൻഗാമികളായി വന്ന സുംഗൻമാരും കണ്വൻമാരും ബ്രാഹ്മണരായിരുന്നു. വാസ്തവത്തിൽ രാഷ്ട്രീയാധികാരത്തിന്റെ അടിസ്ഥാനം ക്ഷത്രിയജന്മമായിരുന്നില്ല, മറിച്ച് സമ്പത്തും പിന്തുണയും നേടാൻ കഴിഞ്ഞ ആർക്കും സാധ്യമാകുന്ന ഒന്നായിരുന്നു അത്.

ശാകരെപ്പോലെ മധ്യേഷ്യയിൽ നിന്നുവന്ന മറ്റുഭരണാധികാരികളെ മ്ലേച്ഛർ, അപരിഷ്കൃതർ അല്ലെങ്കിൽ അന്യർ എന്നീ പേരുകളിലാണ് ബ്രാഹ്മണർ വിശേഷിപ്പിച്ചിരുന്നത്. എങ്കിലും, ശാകഭരണാധികാരികളിൽ ഏറ്റവും പ്രശസ്തനായ രുദ്രദാമൻ, (ഏകദേശം രണ്ടാംനൂറ്റാണ്ട് സി.ഇ) സുദർശന തടാകം (അധ്യായം 2) പുനർനിർമിച്ചതെങ്ങനെയെന്ന് സംസ്കൃതത്തിലെ ആദ്യകാല ലിഖിതങ്ങളിലൊന്ന് വിവരിക്കുന്നുണ്ട്. ഇതു സൂചിപ്പിക്കുന്നത് ശക്തരായ മ്ലേച്ഛവിഭാഗക്കാർക്ക് സംസ്കൃത പാരമ്പര്യം പരിചിതമായിരുന്നു എന്നാണ്.

ശതവാഹന രാജവംശത്തിൽ ഏറ്റവുംപ്രശസ്ത ഭരണാധികാരിയായിരുന്ന ഗോതമി-പുത സിരി-ശതകാനി, താനൊരു വിശിഷ്ട ബ്രാഹ്മണനും (ഏക ബ്രാഹ്മണ) ക്ഷത്രിയരുടെ അഹന്ത നശിപ്പിച്ചവനുമാണെന്ന് അവകാശപ്പെട്ടത് തികച്ചും ശ്രദ്ധാർഹമാണ്. ചാതുർവർണ്യ വിഭാഗങ്ങൾ തമ്മിൽ വിജാതീയ വിവാഹത്തിൽ ഏർപ്പെടുന്നില്ല എന്ന് താൻ ഉറപ്പുവരുത്തിയിരുന്നുവെന്നും അദ്ദേഹം അവകാശപ്പെടുന്നു. അതേസമയം രുദ്രദാമന്റെ കുടുംബവുമായി അദ്ദേഹം വിവാഹ ബന്ധത്തിലേർപ്പെട്ടിരുന്നു.

ഈ ഉദാഹരണത്തിൽനിന്ന് നിങ്ങൾക്കു കാണാൻ കഴിയുന്നതുപോലെ ജാതിയുടെ ചട്ടക്കൂടിനകത്തുള്ള സമന്വയം തികച്ചും സങ്കീർണമായൊരു പ്രക്രിയയായിരുന്നു. തങ്ങൾ ബ്രാഹ്മണരാണെന്ന് ശതവാഹനർ അവകാശപ്പെട്ടപ്പോൾ, രാജാക്കന്മാർ ക്ഷത്രിയരായിരിക്കണം എന്നാണ് ബ്രാഹ്മണരുടെ പക്ഷം. ശതവാഹനർ ചാതുർവർണ്യവ്യവസ്ഥ ഉയർത്തിപ്പിടിച്ചിരുന്നുവെന്ന് അവകാശപ്പെടുമ്പോഴും അതിൽ നിന്നും ഒഴിവാക്കപ്പെട്ടവരുമായി അവർ വിവാഹബന്ധങ്ങളിൽ ഏർപ്പെട്ടിരുന്നു. കൂടാതെ നമ്മൾ കണ്ടതുപോലെ, ബ്രാഹ്മണ ഗ്രന്ഥങ്ങൾ നിഷ്കർഷിക്കുന്ന എക്സോഗമി (ഗണത്തിനു പുറത്ത് നിന്നുള്ള വിവാഹം) ക്ക് പകരമായി എൻഡോഗമി (ഗണത്തിനുള്ളിൽ നിന്നുള്ള വിവാഹ) യാണ് അവർ പിന്തുടർന്നിരുന്നത്.



ചിത്രം 3.5
ഒരു ശാക ഭരണാധികാരിയെ ചിത്രീകരിക്കുന്ന വെള്ളി നാണയം. ഏകദേശം സി.ഇ.നാലാം നൂറ്റാണ്ട്.

### 3.3 ജാതികളും സാമൂഹികചലനാത്മകതയും (Jatis and social mobility)

സാമൂഹിക വിഭാഗങ്ങളെ പരാമർശിക്കാൻ ഗ്രന്ഥങ്ങളിൽ ഉപയോഗിച്ച മറ്റൊരു വാക്കായ "ജാതി" എന്ന പദത്തിൽ ഈ സങ്കീർണതകൾ പ്രതിഫലിപ്പിക്കുന്നുണ്ട്. ബ്രാഹ്മണ സിദ്ധാന്തമനുസരിച്ച് വർണത്തെപ്പോലെതന്നെ ജാതിയുടെയും അടിസ്ഥാനം ജനനമാണ്. എന്നാൽ വർണങ്ങളുടെ എണ്ണം നാലായി നിശ്ചയിച്ചപ്പോൾ ജാതികളുടെ എണ്ണത്തിന് യാതൊരു നിയന്ത്രണവുമില്ലായിരുന്നു. ഉദാഹരണത്തിന് നിഷാദരെപ്പോലെ വനങ്ങളിൽ വസിക്കുന്ന പുതിയ വിഭാഗങ്ങളെ കണ്ടുമുട്ടുമ്പോഴോ "സുവർണകാര" അഥവാ സ്വർണപ്പണിക്കാരെപ്പോലുള്ള പുതിയ തൊഴിൽവിഭാഗങ്ങൾക്ക് പേരിടേണ്ടി വരുമ്പോഴോ ഇവരൊന്നും ചാതുർവർണ്യസമ്പ്രദായത്തിൽ അനായാസമായി ചേരാത്തതിനാൽ, ബ്രാഹ്മണമേധാവികൾ അവരെ പുതിയ ജാതിയായി തരംതിരിച്ചു. ഒരേതൊഴിൽ ചെയ്തിരുന്ന ജാതിവിഭാഗങ്ങൾ ചിലപ്പോഴെല്ലാം ശ്രേണികളായി (തൊഴിൽ സമാജങ്ങൾ അഥവാ ഗിൽഡുകൾ) സംഘടിക്കപ്പെട്ടിരുന്നു.

ഇത്തരം വിഭാഗങ്ങളെക്കുറിച്ചുള്ള ചരിത്രരേഖകൾ വളരെ അപൂർവമാണ്. എങ്കിലും ഇതിനുവിരുദ്ധമായത് ചിലതുണ്ട്. മധ്യപ്രദേശിലെ മാൻഡസോറിൽ നിന്നും കണ്ടുകിട്ടിയ ശ്രദ്ധേയമായ ഒരു ശിലാലിഖിതം (ഏകദേശം അഞ്ചാം നൂറ്റാണ്ടാണ് സി.ഇ) പട്ടുനൂൽപ്പുകാരുടെ ഒരു ഗിൽഡിന്റെ ചരിത്രം രേഖപ്പെടുത്തുന്നു. തുടക്കത്തിൽ ഗുജറാത്തിലെ ലാടത്തിൽ ജീവി

ച്ചിരുന്ന അവർ മാൻഡസോറിലേക്ക് കുടിയേറി. അന്നു മാൻഡസോർ അറിയപ്പെട്ടിരുന്നത് "ദശപുര" എന്ന പേരിലാണ്. തങ്ങളുടെ ബന്ധുക്കളോടും കുട്ടികളോടുമൊപ്പം വളരെ ദുസ്സഹമായി യാത്ര ചെയ്താണ് ഇവർ ഇവിടെ എത്തിയതെന്ന് ലിഖിതം സൂചിപ്പിക്കുന്നു. പ്രാദേശിക രാജാവിന്റെ മഹത്വത്തെക്കുറിച്ച് അറിഞ്ഞ ഇവർ അവിടെ അധിവസിക്കുവാൻ താൽപ്പര്യപ്പെട്ടു വരികയായിരുന്നു.

സങ്കീർണമായ സാമൂഹികപ്രക്രിയകളുടെ ഒരു ആകർഷകദൃശ്യം നൽകുന്നതും ശ്രേണികളുടെ (ഗിൽഡുകൾ) സ്വഭാവത്തെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്നതുമാണ് ഈ ലിഖിതം. ഓരോ പ്രത്യേക തൊഴിലിലെയും വൈദഗ്ധ്യമാണ് ഒരു ശ്രേണിയിലെ അംഗത്വത്തിന്റെ അടിസ്ഥാനമെങ്കിലും അതിലെ ചില അംഗങ്ങൾ മറ്റുതൊഴിലുകൾ സ്വീകരിച്ചിരുന്നു. ഇതുകാണിക്കുന്നത് ശ്രേണിയിലെ അംഗങ്ങൾ പൊതുവായ ഒരു തൊഴിലിനപ്പുറം ചിലത് പങ്കുവച്ചിരുന്നു എന്നാണ്. സൂര്യദേവനെ ആദരിക്കാനായി ഒരു ക്ഷേത്രം പണിയുവാൻ അവർ തങ്ങളുടെ തൊഴിലിലൂടെ നേടിയ സമ്പത്ത് നിക്ഷേപിക്കുവാൻ ഒരുമിച്ച് തീരുമാനമെടുത്തു.

### വ്യാപാരികളുടെ കാര്യം (The case of the merchants)

സംസ്കൃത ഗ്രന്ഥങ്ങളും ലിഖിതങ്ങളും വ്യാപാരികളെ സൂചിപ്പിക്കുവാനായി 'വണിക്' എന്ന പദമാണുപയോഗിച്ചത്. ശാസ്ത്രങ്ങളിൽ വൈശ്യരുടെ മുഖ്യതൊഴിലായി വ്യാപാരത്തെ നിർവചിച്ചപ്പോൾ ശൂദ്രകൻ രചിച്ച മൃച്ഛകടികം (ഏകദേശം നാലാം നൂറ്റാണ്ട് സി.ഇ) പോലുള്ള നാടകങ്ങളിൽ കൂടുതൽ സങ്കീർണമായ സാഹചര്യങ്ങൾ ദൃശ്യമാണ്. ഇതിലെ നായകനായ ചാരുദത്തനെ ഒരു ബ്രാഹ്മണനായും അതോടൊപ്പം ഒരു സാർഥവാഹകൻ അഥവാ കച്ചവടക്കാരനായും ചിത്രീകരിച്ചിട്ടുണ്ട്. ക്ഷത്രിയ - വണിക്കുകൾ എന്ന നിലയിൽ ഒരു ക്ഷേത്ര നിർമ്മാണത്തിന് സംഭാവന നൽകിയ രണ്ടുസഹോദരന്മാരെക്കുറിച്ച് അഞ്ചാം നൂറ്റാണ്ടിലെ ഒരു ലിഖിതത്തിൽ വിവരിക്കുന്നുണ്ട്.

*സ്രോതസ്സ് 4*

### എന്താണ് പട്ടുനെയ്ത്തുകാർ ചെയ്തിരുന്നത്
### What the silk weavers did

സംസ്കൃതത്തിലുള്ള ഒരു ശിലാലിഖിതത്തിന്റെ ഒരു ഭാഗമാണിത് :

ചിലർ കാതിന് ഇമ്പമാർന്ന സംഗീതത്തിൽ ഗാഢമായി മുഴുകുന്നു; മറ്റു ചിലർ വിശിഷ്ടമായ നൂറ് ജീവചരിത്രങ്ങളുടെ കർതൃത്വത്തിൽ അഭിമാനിച്ചു കൊണ്ട് അതിശയകരമായ കഥകൾ കഥിക്കുന്നവരാകുന്നു; മറ്റുള്ളവർ, വിനയപൂർവ്വം അതിവിശിഷ്ടമായ മതപ്രഭാഷണങ്ങളിൽ മുഴുകുന്നു. ചിലർ അവരുടേതായ മതാചാരാനുഷ്ഠാനങ്ങളിൽ അഗ്രഗണ്യരാണ്; അതുപോലെയുള്ള മറ്റു ചിലർ (വൈദിക) ജ്യോതിശാസ്ത്രം വശഗതമാക്കി; പിന്നെയുള്ളവർ, യുദ്ധവീരന്മാരായി ഇന്നും ശത്രുനാശം വരുത്തിക്കൊണ്ടിരിക്കുന്നു.

➲ ശാസ്ത്രവിധിപ്രകാരം അവർക്കായി പ്പറഞ്ഞിരുന്ന തൊഴിലായിരുന്നു പട്ടുനെയ്ത്തുകാർ പിന്തുടർന്നിരുന്നതെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

## 3.4 നാലു*വർണങ്ങൾ*ക്കപ്പുറം : ഏകീകരണം
## (Beyond the four *varnas*: Integration)

ഉപഭൂഖണ്ഡത്തിലെ വൈവിധ്യം നിമിത്തം ബ്രാഹ്മണാശയങ്ങളാൽ സ്വാധീനിക്കപ്പെടാത്ത ജനവിഭാഗങ്ങൾ ഇവിടെ എല്ലാക്കാലത്തും ഉണ്ടായിരുന്നു. വിചിത്രരും അപരിഷ്കൃതരും മൃഗതുല്യരുമായാണ് ഇവരെ സംസ്കൃത ഗ്രന്ഥങ്ങൾ വിശേഷിപ്പിക്കുന്നത്. വേട്ടയാടലും ആഹാര ശേഖരണവും മുഖ്യ ജീവിതമാർഗങ്ങളായിരുന്ന വനവാസികളും ചിലപ്പോൾ ഇക്കൂട്ടത്തിൽ പെട്ടിരുന്നു. ഏകലവ്യൻ ഉൾപ്പെട്ടിരുന്നതായി കരുതപ്പെടുന്ന *നിഷാദ*വിഭാഗം പോലുള്ളവ ഇതിനുദാഹരണങ്ങളാണ്.

സ്ഥിരവാസികളായ കൃഷിക്കാരുടെ ചട്ടക്കൂടിനുള്ളിൽ ഉൾപ്പെടുത്താൻ എളുപ്പമല്ലാത്ത നാടോടികളായ മൃഗപരിപാലകരെപ്പോലെയുള്ള ജനവിഭാഗങ്ങളെയും അവർ സംശയദൃഷ്ടിയോടെയായിരുന്നു വീക്ഷി

ച്ചിരുന്നത്. സംസ്കൃതേതരഭാഷ സംസാരിച്ചിരുന്നവരെ മ്ലേച്ഛരും താഴ്ന്ന വിഭാഗക്കാരുമായാണ് കണ്ടിരുന്നത്. എന്നിരുന്നാലും ഇവർ ഇവരുടെ ആശയങ്ങളും വിശ്വാസങ്ങളും പരസ്പരം പങ്കുവച്ചിരുന്നു. *മഹാഭാരതത്തിലെ* ചില കഥകളിൽ ഇവരുടെ ബന്ധങ്ങളുടെ സ്വഭാവം വ്യക്തമാകുന്നുണ്ട്.

*സ്രോതസ്സ് 7*

**കടുവയെപ്പോലുള്ള ഭർത്താവ്**
**(A tiger-like husband )**

*മഹാഭാരതത്തി*ലെ ആദിപർവത്തിൽ നിന്നുള്ള ഒരു കഥയുടെ സംഗ്രഹമാണിത് :

പാണ്ഡവർ കാട്ടിലേക്ക് പലായനം ചെയ്തു കഴിഞ്ഞു. ക്ഷീണിതരായ അവർ ഉറങ്ങിപ്പോയി. പാണ്ഡവരിൽ രണ്ടാമനും കൈക്കരുത്തിനു പ്രസിദ്ധനുമായ ഭീമൻ മാത്രം അവർക്ക് കാവലിരിക്കുകയായിരുന്നു. പാണ്ഡവരുടെ ഗന്ധമറിഞ്ഞ ഒരു നരഭോജി രാക്ഷസൻ തന്റെ സഹോദരിയായ ഹിഡിംബയെ അവരെ പിടികൂടാൻ അയച്ചു. ഭീമനിൽ അനുരക്തയായ അവൾ സുന്ദരിയായ ഒരു കന്യകയുടെ രൂപം സ്വീകരിച്ച് അദ്ദേഹത്തോട് പ്രണയാഭ്യർത്ഥന നടത്തി. എന്നാൽ ഭീമൻ ഇത് നിരസിച്ചു. ഇതിനിടെ രാക്ഷസൻ അവിടെ എത്തിച്ചേരുകയും ഭീമനെ മല്ലയുദ്ധത്തിന് വെല്ലുവിളിക്കുകയും ചെയ്തു. വെല്ലുവിളി സ്വീകരിച്ച ഭീമൻ രാക്ഷസനെ കൊന്നു. ശബ്ദം കേട്ട് മറ്റുള്ളവർ ഉണർന്നു. സ്വയം പരിചയപ്പെടുത്തിയ ഹിഡിംബ ഭീമനോടുള്ള തന്റെ പ്രേമം തുറന്നു പറഞ്ഞു. അവൾ കുന്തിയോട് പറഞ്ഞു: "ഞാൻ എന്റെ സുഹൃത്തുക്കളെയും ധർമ്മത്തെയും രക്തബന്ധങ്ങളെയും പരിത്യജിച്ചിരിക്കുന്നു; കുലാംഗനയായ നിങ്ങളുടെ, കടുവയെപ്പോലെ ശൂരനായ മകനെ ഞാൻ എന്റെ പുരുഷനായി വരിച്ചിരിക്കുന്നു...... ഒരു വിഡ്ഢിയായോ താങ്കളോട് അർപ്പണബോധമുള്ള ദാസിയായോ നിങ്ങൾ എന്നെ കരുതിയാലും, മഹതിയായ നിങ്ങൾ നിങ്ങളുടെ മകനെ എനിക്ക് ഭർത്താവായി നൽകി നിങ്ങളോടൊപ്പം ചേരുവാൻ എന്നെ അനുവദിക്കൂ".

ഒടുവിൽ, പകൽ ഒന്നിച്ചുചെലവിട്ടശേഷം ഓരോരാത്രിയിലും ഭീമൻ തിരിച്ചെത്തണമെന്ന ഉപാധിയോടെ യുധിഷ്ഠിരൻ അവരുടെ വിവാഹത്തിനു സമ്മതിച്ചു. ദമ്പതികൾ പകൽ മുഴുവൻ ലോകമാകെ ചുറ്റി നടന്നു. കാലം കഴിഞ്ഞപ്പോൾ ഹിഡിംബ, രാക്ഷസ സന്തതിയായ ഘടോത്കചന് ജന്മം നൽകി. പിന്നീട് അമ്മയും മകനും പാണ്ഡവരിൽ നിന്നും വേർപിരിഞ്ഞു. എപ്പോഴാണോ അവർക്ക് തന്നെ ആവശ്യമായി വരിക അപ്പോൾ താൻ തിരികെയെത്തുമെന്ന് ഘടോത്കചൻ പാണ്ഡവർക്ക് ഉറപ്പു നൽകി.

ബ്രാഹ്മണഗ്രന്ഥങ്ങളിൽ എഴുതിവയ്ക്കപ്പെട്ട ആചാരങ്ങളിൽ നിന്നും വിഭിന്നമായ രീതികൾ സ്വീകരിച്ചവരെയാണ് *രാക്ഷസർ* എന്നു വിളിച്ചിരുന്നതെന്ന് ചില ചരിത്രകാരർ ചൂണ്ടിക്കാട്ടുന്നു.

➲ ഈ കഥയിൽ വിവരിക്കുന്ന, ബ്രാഹ്മണേതരമെന്ന് തോന്നുന്ന ആചാരങ്ങൾ കണ്ടെത്തുക.

### 3.5 നാലുവർണങ്ങൾക്കപ്പുറം : കീഴടങ്ങലും സംഘർഷവും (Beyond the four *varnas* : Subordination and conflict)

ചില വിഭാഗങ്ങളെ ബ്രാഹ്മണർ വ്യവസ്ഥിതിക്ക് പുറത്തുള്ളവരായി കണക്കാക്കിയപ്പോൾ ചില സാമൂഹിക വിഭാഗങ്ങളെ “തൊട്ടു കൂടാത്തവർ” എന്ന വിഭാഗത്തിൽപ്പെടുത്തി കൂടുതൽ ശക്തമായ ഒരു സാമൂഹികവിഭജനവും അവർ വികസിപ്പിച്ചു. ചില പ്രവൃത്തികൾ, പ്രത്യേകിച്ച് ആചാരാനുഷ്ഠാനവുമായി ബന്ധപ്പെട്ടവ, ദൈവികവും പരിശുദ്ധവുമാണെന്ന

ധാരണയാണ് ഈ വിഭജനത്തിന്റെ അടിസ്ഥാനം. ശുദ്ധിയുള്ളവരാണെന്ന് സ്വയം കണക്കാക്കിയവർ "തൊട്ടുകൂടാത്തവർ" എന്ന് തങ്ങൾ മുദ്രകുത്തിയവരിൽനിന്ന് ഭക്ഷണം വാങ്ങിക്കഴിക്കുന്നതൊഴിവാക്കി. ശുദ്ധിവാദത്തിന് കടകവിരുദ്ധമായി ചില പ്രവൃത്തികൾ പ്രത്യേകിച്ചും അശുദ്ധമാണെന്ന് ഇവർ കണക്കാക്കി. ചത്ത മൃഗങ്ങളെയും മൃതശരീരത്തെയും കൈകാര്യം ചെയ്യുന്നത് ഇവയിൽപ്പെടുന്നു. ഇത്തരം പ്രവൃത്തികളിലേർപ്പെടുന്നവർ ചണ്ഡാലരെന്ന് മുദ്രകുത്തപ്പെട്ടു. ശ്രേണിയുടെ ഏറ്റവും താഴെത്തട്ടിലായിരുന്നു ഇവരുടെ സ്ഥാനം. സാമൂഹിക ഘടനയുടെ മേൽത്തട്ടിലാണെന്ന് അവകാശപ്പെട്ടവർ ഇവരെ സ്പർശിക്കുന്നതും ചില സന്ദർഭങ്ങളിൽ, അവരെ കാണുന്നതുപോലും "അശുദ്ധ"മായി കണക്കാക്കി.

ചണ്ഡാലരുടെ "കർത്തവ്യ"ങ്ങളെക്കുറിച്ച് *മനുസ്മൃതിയിൽ* വിവരിക്കുന്നുണ്ട്. അവർ ഗ്രാമത്തിന് പുറത്ത് അധിവസിക്കണം; ഉപേക്ഷിക്കപ്പെട്ട പാത്രങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ; മരിച്ചവരുടെ വസ്ത്രങ്ങളും ഇരുമ്പുകൊണ്ട് നിർമ്മിച്ച ആഭരണങ്ങളുമാണ് ഇവർ ധരിക്കേണ്ടത്. രാത്രികാലങ്ങളിൽ നഗരങ്ങളിലും ഗ്രാമങ്ങളിലും അവർ നടക്കുവാൻ പാടില്ല; ബന്ധുക്കളാരുമില്ലാത്തവരുടെ മൃതശരീരം നീക്കം ചെയ്യുകയും ആരാച്ചാർമാരായി സേവനം അനുഷ്ഠിക്കുകയും വേണം. തൊട്ടുകൂടാത്തവർ തെരുവിൽ നടക്കുമ്പോൾ ഒരു മണിശബ്ദം പുറപ്പെടുവിക്കണമെന്നും ഇത് കേൾക്കുമ്പോൾ മറ്റുള്ളവർക്ക് അവരെ കാണാതെ മാറിപ്പോകാൻ കഴിയുമെന്നും ചൈനീസ് ബുദ്ധമത സന്ന്യാസിയായ ഫഹിയാൻ (ഏകദേശം സി.ഇ. അഞ്ചാം നൂറ്റാണ്ട്) പിൽക്കാലത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. ആരാച്ചാർമാരും, തോട്ടിപ്പണിക്കാരും നഗരത്തിനു പുറത്ത് ജീവിക്കുവാൻ നിർബന്ധിതരായിരുന്നുവെന്ന് മറ്റൊരു ചൈനീസ് സഞ്ചാരിയായ സുയാൻ സാങ് (ഏകദേശം ഏഴാം നൂറ്റാണ്ട്) പ്രസ്താവിച്ചിട്ടുണ്ട്.

**ചിത്രം 3.6**
*ഭിക്ഷയാചിക്കുന്ന ഒരു ബ്രാഹ്മണന്റെ ചിത്രം, ശിലാശില്പം (ഗാന്ധാരം), ഏകദേശം സി.ഇ. മൂന്നാം നൂറ്റാണ്ട്*



ചണ്ഡാലരുടെ ജീവിതത്തെക്കുറിച്ച് വിവരിക്കുന്ന ബ്രാഹ്മണേതരഗ്രന്ഥങ്ങൾ പരിശോധിച്ചുകൊണ്ട്, ശാസ്ത്രവിധിപ്രകാരമുള്ള ഈ അപമാനകരമായ ജീവിതം *ചണ്ഡാലർ* സ്വീകരിച്ചിരുന്നോ എന്നു കണ്ടെത്തുവാൻ ചരിത്രകാരർ പരിശ്രമിച്ചിട്ടുണ്ട്. ചിലപ്പോഴെല്ലാം ഇത്തരം ചിത്രീകരണങ്ങൾ ബ്രാഹ്മണ ഗ്രന്ഥങ്ങളിലേതുമായി ചേർന്നുപോകുന്നവയാണ്. എന്നാൽ ചിലപ്പോഴെല്ലാം വ്യത്യസ്ത സാമൂഹികയാഥാർഥ്യങ്ങളുടെ സൂചനകളുമുണ്ട്.

സ്രോതസ്സ് 10

## ബോധിസത്തൻ *ചണ്ഡാള* രൂപത്തിൽ
## The Bodhisatta as a *Chandala*

സാമൂഹിക വ്യവസ്ഥയുടെ അടിത്തട്ടിലേക്ക് തള്ളിയിടാനുള്ള പരിശ്രമങ്ങളെ *ചണ്ഡാളർ* എതിർത്തിരുന്നോ? ബോധിസത്തനെ (ബുദ്ധന്റെ മുൻജന്മം) ചണ്ഡാളനായി കരുതുന്ന, പാലി ഗ്രന്ഥമായ *മാതംഗ ജാതക*ത്തിൽ നിന്നുള്ള ഈ കഥ വായിക്കുക.

ഒരിക്കൽ, ബനാറസ് നഗരത്തിന് പുറത്ത് ഒരു ചണ്ഡാളന്റെ മകനായി മാതംഗൻ എന്ന പേരിൽ ബോധിസത്തൻ ജനിച്ചു. ഒരു ദിവസം ജോലിക്കായി നഗരത്തിലെത്തിയ മാതംഗൻ ഒരു കച്ചവടക്കാരന്റെ മകളായ ദിത്ത മംഗാലികയെ യാദൃശ്ചികമായി കണ്ടുമുട്ടി. അയാളെക്കണ്ട് അവൾ ആശ്ചര്യത്തോടെ വിളിച്ചു പറഞ്ഞു. "അശുഭകരമായ എന്തോ ഒന്ന് ഞാൻ കണ്ടു". അതുകഴിഞ്ഞ് അവൾ തന്റെ കണ്ണുകൾ കഴുകി. ഇതറിഞ്ഞ് കുപിതരായ കിങ്കരൻമാർ അയാളെ മർദ്ദിച്ചു. ഇതിൽ പ്രതിഷേധിച്ച മാതംഗൻ അവളുടെ പിതാവിന്റെ വീടിന്റെ വാതിൽക്കൽ പോയി കിടന്നു. ഏഴാം ദിവസം അവർ ആ പെൺകുട്ടിയെ പുറത്തേക്ക് കൊണ്ടു വരുകയും അയാൾക്ക് നൽകുകയും ചെയ്തു. പട്ടിണി കിടന്ന് വിവശനായ മാതംഗനെ അവൾ ചണ്ഡാളരുടെ വാസസ്ഥലത്തേക്ക് കൊണ്ടു പോയി. വീട്ടിൽ തിരിച്ചെത്തിയ മാതംഗൻ ലൗകികജീവിതം ഉപേക്ഷിക്കാൻ തീരുമാനിച്ചു. ആത്മീയശക്തി നേടിയശേഷം ബനാറസിൽ തിരിച്ചെത്തി അയാൾ അവളെ വിവാഹം കഴിച്ചു. മാണ്ഡവ്യകുമാരൻ എന്നു പേരുള്ള പുത്രൻ അവർക്ക് ജനിച്ചു. വളർന്നുവലുതായപ്പോൾ  അവൻ മൂന്ന് വേദങ്ങളും ഹൃദിസ്ഥമാക്കി. അതിനുശേഷം അയാൾ ദിവസംതോറും 16,000 ബ്രാഹ്മണർക്ക് അന്നദാനം നൽകിത്തുടങ്ങി.

ഒരു ദിവസം മാതംഗൻ കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ച് കയ്യിൽ ഒരു മൺഭിക്ഷാപാത്രവുമായി തന്റെ പുത്രന്റെ വീട്ടുപടിക്കലെത്തി ആഹാരത്തിനായി യാചിച്ചു. നിങ്ങൾ ഒരു അയിത്തജാതിക്കാരനെപ്പോലെയിരിക്കുന്നുവെന്നും അതിനാൽ ഭിക്ഷയ്ക്കർഹതയില്ലെന്നും ഭക്ഷണം ബ്രാഹ്മണർക്ക് മാത്രമുള്ളതാണെന്നും മാണ്ഡവ്യൻ പറഞ്ഞു. അപ്പോൾ മാതംഗൻ പറഞ്ഞു: "തന്റെ ജനനത്തെക്കുറിച്ചഹങ്കരിക്കുന്ന അജ്ഞാനികളായവർ ദാനത്തിനർഹരല്ല. മറിച്ച് ദുർഗുണങ്ങൾ ഇല്ലാത്തവർ ദാനധർമ്മാദികൾക്കർഹരാണ്". കുപിതനായ മാണ്ഡവ്യൻ തന്റെ ഭൃത്യന്മാരോട് അയാളെ പുറത്താക്കാൻ ആവശ്യപ്പെട്ടു. എന്നാൽ വായുവിലേക്കുയർന്ന മാതംഗൻ പെട്ടെന്ന് അപ്രത്യക്ഷനായി. ഈ സംഭവമറിഞ്ഞ ദിത്ത മംഗാലിക മാതംഗനെ പിന്തുടർന്ന് ചെന്ന് പുത്രനുവേണ്ടി മാപ്പ് ചോദിച്ചു. തന്റെ ഭിക്ഷാപാത്രത്തിൽ ശേഷിച്ച ഭക്ഷണത്തിൽ നിന്ന് അൽപമെടുത്ത് മാണ്ഡവ്യനും ബ്രാഹ്മണർക്കും നൽകാൻ അയാൾ അവളോടാവശ്യപ്പെട്ടു.

➲ മാതംഗന്റെ  കാഴ്ചപ്പാടിലൂടെയാണ് ഈ കഥ എഴുതപ്പെട്ടിരിക്കുന്നത് എന്നു സൂചിപ്പിക്കുന്ന ഘടകങ്ങൾ കണ്ടെത്തുക.

### ➲ ചർച്ച ചെയ്യുക...

ബ്രാഹ്മണർ നിർദേശിക്കുന്ന തൊഴിലുകളാണ് ജനങ്ങൾ പിന്തുടർന്നിരുന്നതെന്ന് ഈ ഭാഗത്ത് പരാമർശിച്ചിട്ടുള്ളവയിൽ ഏത് സ്രോതസ്സിലാണ് സൂചിപ്പിച്ചിട്ടുള്ളത്? മറ്റ് സാധ്യതകൾ നിർദേശിക്കുന്ന സ്രോതസ്സുകൾ ഏവ?

## 4. ജനനത്തിനപ്പുറം: വിഭവങ്ങളും പദവിയും (BEYOND BIRTH RESOURCES AND STATUS)

അധ്യായം രണ്ടിൽ സാമ്പത്തിക ബന്ധങ്ങളെക്കുറിച്ചു ചർച്ചചെയ്ത കാര്യം ഓർത്താൽ അടിമകൾ, ഭൂരഹിത കർഷകത്തൊഴിലാളികൾ, വേട്ടക്കാർ, മീൻപിടുത്തക്കാർ, ഇടയർ, കർഷകർ, ഗ്രാമമുഖ്യർ, കരകൗശല വിദഗ്ധർ, കച്ചവടക്കാർ, രാജാക്കൻമാർ എന്നിവർ ഉപഭൂഖണ്ഡത്തിന്റെ വിവിധഭാഗങ്ങളിൽ സാമൂഹികപ്രവർത്തകരായി ഉദയം ചെയ്തുവെന്ന് നിങ്ങൾക്കു മനസ്സിലാകുന്നതാണ്. സാമ്പത്തിക വിഭവശേഷിയുടെ അടിസ്ഥാനത്തിലായിരുന്നു അവരുടെ സാമൂഹിക പദവികൾ രൂപപ്പെട്ടിരുന്നത്. ഇവിടെ ചില പ്രത്യേക സാഹചര്യങ്ങളിൽ വിഭവങ്ങളിൻമേലുള്ള പ്രാപ്യതയുടെ സാമൂഹിക വിവക്ഷകൾ നമുക്ക് പരിശോധിക്കാം.

### 4.1 സ്വത്തവകാശത്തിലെ ലിംഗഭേദം (Gendered access to property)

ആദ്യം നമുക്ക് *മഹാഭാരത*ത്തിലെ ഒരു നിർണായകസംഭവം പരിശോധിക്കാം. കൗരവരും പാണ്ഡവരും തമ്മിൽ കാലങ്ങളായുള്ള മാത്സര്യം നിലവിലിരിക്കെ ദുര്യോധനൻ യുധിഷ്ഠിരനെ ചൂതുകളിക്കായി ക്ഷണിച്ചു. എതിരാളിയാൽ വഞ്ചിക്കപ്പെട്ട യുധിഷ്ഠിരൻ തന്റെ സ്വർണം, ആനകൾ, രഥങ്ങൾ, അടിമകൾ, സൈന്യം, ഖജനാവ്, രാജ്യം, പ്രജകളുടെ സ്വത്തുക്കൾ, തന്റെ സഹോദരർ എന്നിവയും ഒടുവിൽ തന്നെത്തന്നെയും വാതുവയ്ക്കുകയും സർവവും നഷ്ടപ്പെടുകയും ചെയ്തു. അപ്പോൾ അയാൾ, തങ്ങളുടെ പൊതുഭാര്യയായ ദ്രൗപദിയെ പണയപ്പെടുത്തുകയും അവരെയുംകൂടി നഷ്ടപ്പെടുത്തുകയും ചെയ്തു.

ഇത്തരംകഥകളിൽ പ്രാധാന്യം കല്പിച്ചിരുന്ന സ്വത്തവകാശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ (സ്രോതസ്സ് 11) ധർമ്മശാസ്ത്രങ്ങളിലും ധർമ്മസൂത്രങ്ങളിലും കാണാം. മാതാപിതാക്കളുടെ മരണശേഷം പിതാവിന്റെ സ്വത്ത്, മൂത്തപുത്രന് ഒരു പ്രത്യേകപങ്ക് നൽകിക്കൊണ്ട് ആൺമക്കൾക്ക് തുല്യമായി വീതിച്ച് നൽകണമെന്ന് *മനുസ്മൃതി* വ്യക്തമാക്കുന്നു. ഈ സമ്പത്തിൽ അവകാശമുന്നയിക്കാൻ സ്ത്രീകൾക്ക് കഴിയുമായിരുന്നില്ല.

എന്നിരുന്നാലും, വിവാഹസമയം "സ്ത്രീധനമായി" ("സ്ത്രീയുടെ സ്വത്ത്" എന്നർഥം) ലഭിച്ച സമ്മാനങ്ങൾ കൈവശം വയ്ക്കാൻ സ്ത്രീകളെ അനുവദിച്ചിരുന്നു. ഇതിന്റെ പിൻതുടർച്ചാവകാശം അവരുടെ മക്കൾക്കായിരുന്നു. ഭർത്താക്കൻമാർക്ക് ഇതിൻമേൽ ഒരവകാശവുമുണ്ടായിരുന്നില്ല. അതേസമയം കുടുംബസ്വത്തോ വിലപിടിപ്പുള്ള സ്വന്തം വസ്തുക്കൾ തന്നെയോ ഭർത്താക്കൻമാരറിയാതെ പൂഴ്ത്തിവയ്ക്കുന്നതിനെതിരെ *മനുസ്മൃതി* സ്ത്രീകൾക്ക് മുന്നറിയിപ്പ് നൽകുന്നു.

വാകാടക രാജ്ഞിയായിരുന്ന പ്രഭാവതി ഗുപ്തയെ (അധ്യായം 2) പോലുള്ള സമ്പന്നരായ സ്ത്രീകളെക്കുറിച്ച് നിങ്ങൾ വായിച്ചിട്ടുണ്ടല്ലോ. ഉന്നതവിഭാഗത്തിലെ സ്ത്രീകൾക്ക് വിഭവപ്രാപ്യത ഉണ്ടായിരുന്നിരിക്കാമെങ്കിലും പൊതുവേ പുരുഷന്മാർക്കാണ് ഭൂമി, കന്നുകാലി വിഭവങ്ങൾ, പണം എന്നിവയുടെ നിയന്ത്രണം ഉണ്ടായി

*സ്രോതസ്സ് 11*

**ദ്രൗപദിയുടെ ചോദ്യം (Draupadi's question)**

തന്നെ പണയം വയ്ക്കുന്നതിനു മുമ്പ് യുധിഷ്ഠിരൻ സ്വയം നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നോ എന്ന് യുധിഷ്ഠിരനോട് ദ്രൗപദി ചോദിച്ചു എന്നു കരുതപ്പെടുന്നു. ഈ ചോദ്യത്തിനുള്ള പ്രതികരണമായി രണ്ടു വിരുദ്ധാഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്.

ഒന്നാമത്തെ അഭിപ്രായപ്രകാരം, നേരത്തേ തന്നെ യുധിഷ്ഠിരൻ സ്വയം നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നുവെങ്കിൽ പോലും അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ തന്നെയായിരുന്നു, അതിനാൽ അയാൾക്ക് അവളെ പണയം വയ്ക്കുവാനും സാധിക്കുമായിരുന്നു.

രണ്ടാമത്തെ അഭിപ്രായപ്രകാരം, ഒരു അസ്വതന്ത്രന് (സ്വയം നഷ്ടപ്പെടുത്തിയ യുധിഷ്ഠിരൻ അസ്വതന്ത്രനായിരുന്നതുപോലെ) മറ്റൊരു വ്യക്തിയെ പണയം വയ്ക്കാൻ സാധിക്കുമായിരുന്നില്ല.

ഈ പ്രശ്നം അപരിഹാര്യമായി അവശേഷിച്ചു : അവസാനം പാണ്ഡവർക്കും ദ്രൗപദിക്കും അവരുടെ വ്യക്തിപരമായ സ്വാതന്ത്ര്യം ധൃതരാഷ്ട്രർ മടക്കി നൽകി.

➲ ഭർത്താക്കൻമാരുടെ സ്വത്തായാണ് ഭാര്യമാരെ കണക്കാക്കിയിരുന്നതെന്ന് ഈ കഥാഭാഗം സൂചിപ്പിക്കുന്നതായി നിങ്ങൾ കരുതുന്നുണ്ടോ?

*സ്രോതസ്സ് 12*

### സ്ത്രീ പുരുഷന്മാർ ധനസമ്പാദനം നടത്തിയതെങ്ങനെ?
### (How could men and women acquire wealth?)

പുരുഷൻമാർക്ക് ധനം സമ്പാദിക്കാൻ ഏഴ് മാർഗങ്ങളുണ്ടെന്ന് മനുസ്മൃതി പ്രഖ്യാപിക്കുന്നു : അനന്തരാവകാശം, കണ്ടെത്തൽ, വിലയ്ക്ക് വാങ്ങൽ, കീഴടക്കൽ, നിക്ഷേപം, അധ്വാനം, സജ്ജനങ്ങളിൽ നിന്നുള്ള പാരിതോഷികങ്ങൾ സ്വീകരിക്കൽ.

സ്ത്രീകൾക്ക് ആറ് ധനസമ്പാദന മാർഗങ്ങളാണുള്ളത് : വിവാഹാഗ്നിക്ക് മുമ്പിൽ വച്ച് നൽകപ്പെടുന്നവ; വധൂഘോഷയാത്രയിൽ നൽകപ്പെടുന്നവ; സ്നേഹപ്രതീകമായി നൽകപ്പെടുന്നവ; അച്ഛൻ, അമ്മ, സഹോദരൻ എന്നിവരാൽ നൽകപ്പെടുന്നവ; പിന്നീട് ലഭിക്കുന്ന സമ്മാനങ്ങൾ, ഭർത്താവ് "സ്നേഹപൂർവ്വം" നൽകപ്പെടുന്നവ.

➲ സ്ത്രീ പുരുഷന്മാർ ധനസമ്പാദനം നടത്തുന്ന രീതികൾ താരതമ്യം ചെയ്യുകയും വ്യത്യാസങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുക.

രുന്നതെന്നാണ് ശിലാലിഖിതങ്ങളിലെയും ഗ്രന്ഥങ്ങളിലെയും തെളിവുകൾ ആവർത്തിച്ചു വ്യക്തമാക്കുന്നത്. മറ്റൊരർഥത്തിൽ പറഞ്ഞാൽ സ്വത്തവകാശങ്ങളിലുള്ള അന്തരം സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള സാമൂഹികവ്യത്യാസങ്ങൾക്ക് ആക്കംകൂട്ടി.

## 4.2 വർണവും സ്വത്തവകാശവും (*Varna* and access to property)

ബ്രാഹ്മണഗ്രന്ഥങ്ങൾപ്രകാരം സ്വത്തവകാശത്തെ നിയന്ത്രിച്ചിരുന്ന മറ്റൊരു മാനദണ്ഡമായിരുന്നു (ലിംഗ പരിഗണനക്ക് പുറമെ) വർണം. നേരത്തേ നമ്മൾ കണ്ടതുപോലെ ശൂദ്രർക്കായി നിഷ്കർഷിച്ചിരുന്ന ഒരേ ഒരു തൊഴിൽ ദാസ്യവൃത്തി മാത്രമായിരുന്നു. എന്നാൽ ആദ്യ മൂന്നുവർണങ്ങളിലെ പുരുഷന്മാർക്കായി അനേകം തൊഴിലുകൾ പട്ടികപ്പെടുത്തിയിരുന്നു. ഈ നിബന്ധനകൾ യഥാർഥത്തിൽ നടപ്പിലാക്കപ്പെട്ടെങ്കിൽ ബ്രാഹ്മണ, ക്ഷത്രിയ വിഭാഗങ്ങളിലെ പുരുഷൻമാരായിരുന്നിരിക്കണം ഏറ്റവുംവലിയ ധനികർ. മറ്റുഗ്രന്ഥപാരമ്പര്യങ്ങൾ പുരോഹിതരെയും രാജാക്കൻമാരെയും കുറിച്ചുനൽകുന്ന വിവരണങ്ങളിൽനിന്നും ഇത് ഒരളവുവരെ സാമൂഹികയാഥാർഥ്യത്തോടു ചേർന്നുനിൽക്കുന്നു എന്നു സ്പഷ്ടമാണ്. രാജാക്കന്മാരെ നിശ്ചയമായും ധനികരായാണ് ചിത്രീകരിച്ചിട്ടുള്ളത്. പുരോഹിതരെ പൊതുവെ സമ്പന്നരായാണ് കാണുന്നതെങ്കിലും ദരിദ്രരായ ബ്രാഹ്മണരെക്കുറിച്ചുള്ള വിവരണങ്ങളും കാണാം.

സമൂഹത്തെക്കുറിച്ചുള്ള ബ്രാഹ്മണവീക്ഷണം ധർമ്മസൂത്രങ്ങളിലും ധർമ്മശാസ്ത്രങ്ങളിലും ക്രോഡീകരിക്കപ്പെടുമ്പോൾത്തന്നെ വർണസമ്പ്രദായത്തെ വിമർശിച്ചിരുന്ന മറ്റുപാരമ്പര്യങ്ങളും ഇക്കാലത്ത് ഉദയം ചെയ്തിരുന്നു. ഇതിൽ ഏറ്റവും പ്രശസ്തമായവയാണ് ആദ്യകാല ബുദ്ധമതത്തിനുള്ളിൽ വികസിച്ചുവന്നവ. (ഏകദേശം ബി.സി.ഇ. 6–ാം നൂറ്റാണ്ടു മുതൽ; അധ്യായം 4 കൂടി കാണുക) സമൂഹത്തിൽ വ്യത്യാസങ്ങൾ നിലവിലിരുന്നു എന്നത് ബുദ്ധമതക്കാർ തിരിച്ചറിഞ്ഞിരുന്നു. എന്നാൽ അവയെ സ്വാഭാവികമായുണ്ടായവയെന്നോ, മാറ്റാൻ കഴിയാത്തതെന്നോ അവർ കണക്കാക്കിയില്ല. ജനനത്തിന്റെ അടിസ്ഥാനത്തിലാണ് ഒരാളുടെ സാമൂഹികപദവി നിർണയിക്കുന്നതെന്ന ആശയത്തെ അവർ നിരാകരിക്കുകയും ചെയ്തു.

സ്രോതസ്സ് 13

**സമ്പന്നനായ ശൂദ്രൻ**
**(The wealthy Shudra)**

പാലി ഭാഷയിൽ രചിച്ച ബുദ്ധമത ഗ്രന്ഥമായ 'മജ്ജിമ നികായ' യെ അടിസ്ഥാനമാക്കിയുള്ള ഈ കഥ അവന്തിപുത്ത രാജാവും, ബുദ്ധന്റെ ശിഷ്യനായ കച്ചനനും തമ്മിലുള്ള സംഭാഷണത്തിന്റെ ഒരു ഭാഗമാണ്. അക്ഷരാർഥത്തിൽ സത്യമായി എടുക്കാൻ കഴിയില്ലെങ്കിലും വർണവ്യവസ്ഥയോടുള്ള ബൗദ്ധമനോഭാവത്തെ ഈ കഥ സ്പഷ്ടമാക്കുന്നുണ്ട്.

തങ്ങളാണ് ഏറ്റവും മികച്ച ജാതിയെന്നും ഇതര ജാതികളെല്ലാം തങ്ങളിൽ താഴ്ന്നവരാണെന്നും കരുതുന്ന; ബ്രാഹ്മണർമാത്രം വെണ്മയുള്ള ജാതിയാണെന്നും ഇതര ജാതിക്കാരൊക്കെ ഇരുണ്ടവരാണെന്നും കരുതുന്ന; ബ്രാഹ്മണർമാത്രം ശുദ്ധരാണെന്നും അബ്രാഹ്മണർ അങ്ങനെയല്ലെന്നും കരുതുന്ന; ബ്രാഹ്മണർ, ബ്രഹ്മന്റെ മക്കളായി, അദ്ദേഹത്തിന്റെ മുഖത്തു നിന്നു ജനിച്ച, ബ്രഹ്മനാൽ രൂപപ്പെടുത്തപ്പെട്ട, ബ്രഹ്മാവിന്റെ പിന്മുറക്കാരാണ് തങ്ങളെന്നും കരുതുന്ന, ബ്രാഹ്മണരെക്കുറിച്ച് താങ്കൾ എന്താണ് ചിന്തിക്കുന്നതെന്ന് കച്ചനനോട് അവന്തിപുത്ത ചോദിച്ചു.

കച്ചനൻ ഇങ്ങനെ മറുപടി നൽകി "ഒരു ശൂദ്രൻ സമ്പന്നനാണെങ്കിൽത്തന്നെ മറ്റൊരു ശൂദ്രനോ അല്ലെങ്കിൽ ഒരു ക്ഷത്രിയനോ, ഒരു ബ്രാഹ്മണനോ, ഒരു വൈശ്യനോ അവനോട് ആദരവോടെ സംസാരിക്കുമോ?"

അവന്തീപുത്തന്റെ മറുപടി ഇതായിരുന്നു :

ഒരു ശൂദ്രന് സമ്പത്തോ, ധാന്യമോ, സ്വർണമോ, വെള്ളിയോ ഉണ്ടായിരുന്നെങ്കിൽ, അവന് തന്നെക്കാൾ നേരത്തേ ഉണരാനും, തന്നെക്കാൾ വൈകി വിശ്രമിക്കാൻ പോകാനും, തന്റെ ഉത്തരവുകൾ നടപ്പാക്കാനും, തന്നോട് ആദരപൂർവം സംസാരിക്കാനും അനുസരണയുള്ള സേവകനായി മറ്റൊരു ശൂദ്രനെ ലഭിക്കുമായിരുന്നു; അയാൾക്ക് വേണമെങ്കിൽ ഒരു ക്ഷത്രിയനെയോ ബ്രാഹ്മണനെയോ വൈശ്യനെയോ തന്നെ തന്റെ അനുസരണയുള്ള സേവകനായി ലഭിക്കുമായിരുന്നല്ലോ.

കച്ചനൻ ചോദിച്ചു "അങ്ങനെയെങ്കിൽ ഈ നാലു വർണങ്ങളും ശരിക്കും ഒന്നല്ലേ?"

ഈ അർഥത്തിൽ വർണങ്ങൾ തമ്മിൽ വ്യത്യാസങ്ങളില്ലെന്ന് അവന്തീപുത്ത സമ്മതിച്ചു.

➲ അവന്തീപുത്തയുടെ ആദ്യത്തെ പ്രസ്താവന ഒന്നു കൂടി വായിക്കുക. ബ്രാഹ്മണ ഗ്രന്ഥങ്ങളിലോ പാരമ്പര്യങ്ങളിലോ നിന്നു രൂപപ്പെട്ട എന്തെല്ലാം ആശയങ്ങളാണതിലുള്ളത്? ഇതിൽ ഏതിന്റെയെങ്കിലും സ്രോതസ്സുകളെ കണ്ടെത്തുവാൻ നിങ്ങൾക്ക് കഴിയുമോ?
ഈ ഗ്രന്ഥപ്രകാരം സാമൂഹിക വ്യത്യാസങ്ങളെ വിശദീകരിക്കുന്നത് എന്താണ്?

## 4.3 ഒരു ബദൽ സാമൂഹികചിത്രം : സമ്പത്ത് പങ്കുവയ്ക്കൽ (An alternative social scenario : Sharing wealth)

സമ്പത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ പദവി അവകാശപ്പെടുകയോ അവർക്ക് പദവി ചാർത്തപ്പെടുകയോ ചെയ്ത സാഹചര്യങ്ങളെക്കുറിച്ചാണ് നാം ഇതുവരെ പരിശോധിച്ചത്. എന്നാൽ മറ്റുചില സാധ്യതകളുമുണ്ടായിരുന്നു. ചിലസാഹചര്യങ്ങളിൽ വ്യക്തികളെ അവരുടെ ഉദാരമനസ്കതയുടെ അടിസ്ഥാനത്തിൽ ആദരിച്ചിരുന്നു. പിശുക്കൻമാരും സ്വാർഥമായി ധനം സമ്പാദിച്ചുകൂട്ടിയവരും വെറുക്കപ്പെട്ടവരായി. ഇത്തരം മൂല്യങ്ങൾക്കു വിലകല്പിച്ചിരുന്ന ഒരു പ്രദേശമായിരുന്നു പ്രാചീന തമിഴകം. അവിടെ നേരത്തെ നമ്മൾ കണ്ടതുപോലെ (അധ്യായം – 2) ഏകദേശം 2000 വർഷങ്ങൾക്കുമുമ്പ് ധാരാളം നാട്ടുരാജ്യങ്ങളുണ്ടായിരുന്നു. മറ്റുകാര്യങ്ങൾക്കൊപ്പം തങ്ങളെ വാഴ്ത്തിപ്പാടിയ കവികളുടെയും ഗായകരുടെയും രക്ഷാധികാരികളായിരുന്നു ഈ നാട്ടുമുഖ്യർ. തമിഴ് സംഘകാവ്യസമാഹാരങ്ങളിലെ സാമ്പത്തിക-സാമൂഹിക ബന്ധങ്ങൾ ചിത്രീ

കരിക്കുന്ന കാവ്യങ്ങൾ സൂചിപ്പിക്കുന്നത് സമ്പന്നനും ദരിദ്രനും തമ്മിൽ വ്യത്യാസങ്ങൾ നിലനിന്നിരുന്നുവെങ്കിലും സമ്പത്ത് കൈവശം വച്ചിരുന്നവർ അത് മറ്റുള്ളവരുമായി പങ്കുവയ്ക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു എന്നാണ്.

*സ്രോതസ്സ് 14*

### ഉദാരമനസ്കനായ ദരിദ്രമുഖ്യൻ (The poor generous chief)

തമിഴ് സംഘസാഹിത്യത്തിലെ കവിതാസമാഹാരങ്ങളിലൊന്നായ പുറനാന്നൂറിൽ (ഏകദേശം സി.ഇ. ഒന്നാം നൂറ്റാണ്ട്) ഒരു കഥാഗായകൻ തന്റെ രക്ഷാധികാരിയെക്കുറിച്ച് ഇതര കവികളോട് വിവരിക്കുകയാണ് :

അനുദിനം അന്യർക്കായി ധൂർത്തടിക്കാനുള്ള സ്വത്തൊന്നും അദ്ദേഹ (രക്ഷാധികാരി) ത്തിനില്ല!

താൻ നിസ്വനാണെന്ന് പറഞ്ഞ് അവരെ നിരസിക്കാനുള്ള അല്പത്തവും അദ്ദേഹത്തിനില്ല !

ഇരൈനെ (ഒരു സ്ഥലം) യിൽ വസിക്കുന്ന അദ്ദേഹം മഹാമനസ്കനാണ്. അദ്ദേഹം കഥാഗായകരുടെ വിശപ്പിന്റെ ശത്രുവാണ്!

വിദഗ്ധാധരങ്ങളുള്ള പാട്ടുകാരേ, നിങ്ങൾക്ക് നിങ്ങളുടെ ദാരിദ്ര്യം ശമിപ്പിക്കണമെങ്കിൽ വരൂ എന്നോടൊപ്പം!


പട്ടിണിയാൽ മെലിഞ്ഞ നമ്മുടെ അസ്ഥികൾ കാട്ടി അദ്ദേഹത്തോടു നാം അപേക്ഷിച്ചാൽ അദ്ദേഹം തന്റെ ഗ്രാമത്തിലെ കൊല്ലന്റെയടുത്തേക്കു പോയി കരുത്തുറ്റ കരങ്ങളുള്ള ഒരു മനുഷ്യനോട് ഇങ്ങനെ പറയും :

"എനിക്കു യുദ്ധം ചെയ്യാൻ ഒരു നെടുങ്കൻ കുന്തം പണിയൂ, നേർത്ത് മൂർച്ചയുള്ള ഒന്ന്"

➲ മുഖ്യനെ ഉദാരമനസ്കനാകാൻ പ്രേരിപ്പിക്കുന്നതിന് കഥാഗായകൻ ഉപയോഗിക്കുന്ന തന്ത്രങ്ങൾ എന്തെല്ലാം? ഗായകർക്ക് നൽകാൻ വേണ്ടി ധനം ആർജ്ജിക്കാൻ മുഖ്യൻ എന്തു ചെയ്യുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്?

*ചിത്രം 3.7*
*ഒരു മുഖ്യനും അയാളുടെ അനുയായിയും; ആന്ധ്രാപ്രദേശിലെ അമരാവതിയിൽ നിന്നുള്ള ശിലാശില്പം. ഏകദേശം സി.ഇ. ഒന്നാം നൂറ്റാണ്ട്.*

➲ മുഖ്യനും അയാളുടെ അനുയായിയും തമ്മിലുള്ള വ്യത്യാസത്തെ ശില്പി എപ്രകാരമാണ് കാട്ടിത്തരുന്നത്?



## ➲ ചർച്ച ചെയ്യുക...

സമകാലിക സമൂഹത്തിൽ സാമൂഹികബന്ധങ്ങൾ പ്രവർത്തിക്കുന്നത് എങ്ങനെയാണ്? ഭൂതകാല മാതൃകകളുമായി ഇതിന് എന്തെങ്കിലും സമാനതകളോ, വ്യത്യാസങ്ങളോ ഉണ്ടോ?

## 5. സാമൂഹികവ്യത്യാസങ്ങളുടെ വിശദീകരണം : ഒരു സാമൂഹക്കരാർ (EXPLAINING SOCIAL DIFFERENCES: A SOCIAL CONTRACT)

സാമൂഹിക അസമത്വങ്ങളെക്കുറിച്ച് ബുദ്ധമതക്കാരും ഒരു ബദൽധാരണ വികസിപ്പിച്ചിരുന്നു. സാമൂഹ്യസംഘർഷങ്ങൾ നിയന്ത്രിക്കാനാവശ്യമായ സ്ഥാപനങ്ങളെക്കുറിച്ച് അവർ മനസ്സിലാക്കി. *സുത്ത പിടക* എന്നറിയപ്പെടുന്ന ഗ്രന്ഥത്തിൽ ഒരു ഐതിഹ്യമുണ്ട്. തുടക്കത്തിൽ മനുഷ്യന് പൂർണമായി വികാസം പ്രാപിച്ച ശരീരരൂപമുണ്ടായിരുന്നില്ലെന്ന് ഇതിൽ പറയുന്നു. സസ്യലോകവും പൂർണരൂപത്തിൽ വികസിച്ചിരുന്നില്ല. ഓരോ നേരത്തെ ആഹാരത്തിനാവശ്യമായത് മാത്രം പ്രകൃതിയിൽ നിന്നെടുത്ത് എല്ലാ ജീവജാലങ്ങളും സമാധാനത്തോടെ ജീവിച്ചിരുന്നു.

എന്നാൽ മനുഷ്യർ കൂടുതൽകൂടുതൽ അത്യാഗ്രഹികളും, വഞ്ചകരും ചതിയരുമായിത്തീർന്നപ്പോൾ ഇത്തരം സാഹചര്യങ്ങൾ ക്രമേണ തകർച്ചയെ നേരിട്ടു. അവർ ഇങ്ങനെ ചിന്തിച്ചു: "ധാർമ്മികരോഷം ആവശ്യമുള്ളപ്പോൾ രോഷാകുലനാകുകയും ശരിക്കും തടയേണ്ടതിനെ തടയുകയും നിഷ്കാസനം ചെയ്യപ്പെടേണ്ടവനെ നിഷ്കാസനം ചെയ്യുകയും ചെയ്യുന്ന ഒരാളെയാണ് നാം തിരഞ്ഞെടുക്കേണ്ടിയിരുന്നതെങ്കിലോ? അതിനു പകരമായി അരിയുടെ ഒരു പങ്ക് നാം അദ്ദേഹത്തിനു നൽകും. മുഴുവൻ ജനതയാലും തിരഞ്ഞെടുക്കപ്പെടുന്ന അദ്ദേഹം "മഹാസമ്മത" അഥവാ "തിരഞ്ഞെടുക്കപ്പെട്ട മഹാൻ" എന്ന് അറിയപ്പെടും."

മനുഷ്യന്റെ ആഗ്രഹാനുസരണം രൂപീകരിച്ച ഒന്നാണ് രാജത്വമെന്ന് ഇത് സൂചിപ്പിക്കുന്നു. രാജാവ് നൽകുന്ന സേവനങ്ങൾക്ക് പ്രതിഫലമായി ജനങ്ങൾ നികുതി നൽകുന്നു. അതേസമയം സാമ്പത്തിക സാമൂഹിക ബന്ധങ്ങൾ രൂപീകരിക്കുന്നതിലും സ്ഥാപനവൽക്കരിക്കുന്നതിനുമുള്ള മനുഷ്യന്റെ പങ്കാളിത്തത്തെ അംഗീകരിക്കുകയാണിവിടെ. ഇതിന് മറ്റർഥങ്ങളുമുണ്ട്. ഉദാഹരണമായി, ഈ വ്യവസ്ഥയുടെ സൃഷ്ടിക്ക് മനുഷ്യർ ഉത്തരവാദികളാണെങ്കിൽ ഭാവിയിൽ അതിന് മാറ്റം വരുത്താനും അവർക്ക് കഴിയും.

## 6 ഗ്രന്ഥങ്ങളെ കൈകാര്യം ചെയ്യുമ്പോൾ (HANDLING TEXTS) ചരിത്രകാരരും *മഹാഭാരതവും* (HISTORIANS AND THE *MAHABHARATA*)

ഗ്രന്ഥങ്ങളെ വിശകലനം ചെയ്യുമ്പോൾ ചരിത്രകാരർ നിരവധി ഘടകങ്ങൾ പരിഗണിക്കാറുണ്ടെന്ന് ഈ പാഠഭാഗത്തിലെ സ്രോതസ്സുകൾ ഒരിക്കൽ കൂടി പരിശോധിച്ചാൽ നിങ്ങൾക്ക് മനസ്സിലാകും. സാധാരണക്കാർ മിക്കവാറും ഉപയോഗിച്ചിരുന്ന ഭാഷകളായ പ്രാകൃത്, പാലി, തമിഴ് എന്നിവയിലാണോ അതോ പുരോഹിതന്മാരുടെയും കുലീനരുടെയും ഭാഷയായ സംസ്കൃതത്തിലാണോ ഈ ഗ്രന്ഥങ്ങൾ എഴുതപ്പെട്ടിട്ടുള്ളതെന്ന് അവർ പരിശോധിക്കുന്നു. ഗ്രന്ഥങ്ങൾ ഏതുതരത്തിൽപ്പെട്ടവയാണെന്നും അവർ പരിശോധിക്കും. അനുഷ്ഠാനവിദഗ്ധർ പഠിക്കുകയും ഉരുവിടുകയും ചെയ്ത മന്ത്രങ്ങളായിരുന്നോ ഇവ? ആളുകൾ വായിക്കുകയോ കേൾക്കുകയോ ചെയ്യുകയും ഇഷ്ടമായാൽ മറ്റുള്ളവരോട് പറയുകയും ചെയ്തിരിക്കാവുന്ന കഥകളായിരുന്നോ? കൂടാതെ ഗ്രന്ഥങ്ങളിലെ ആശയങ്ങളും വീക്ഷണങ്ങളും രൂപപ്പെടുത്തിയ ഗ്രന്ഥകർത്താവിനെ (ഗ്രന്ഥകർത്താക്കളെ) ക്കുറിച്ചും അറി


യാൻ അവർ ശ്രമിക്കുന്നു. രചയിതാക്കൾ വായനക്കാരുടെയും ശ്രോതാക്കളുടേയും താൽപര്യംകൂടി പരിഗണിച്ചാണ് രചന നിർവഹിക്കുന്നത് എന്നതിനാൽ ഏതുതരം ആസ്വാദകർക്കായാണ് രചന നിർവഹിച്ചിരിക്കുന്നത് എന്നതും കണക്കിലെടുക്കപ്പെടും. ഗ്രന്ഥം രചിക്കപ്പെടാൻ അഥവാ ക്രോഡീകരിക്കപ്പെടാൻ സാധ്യമായ കാലവും, സ്ഥലവും കണ്ടെത്താനും ഇവർ പരിശ്രമിക്കുന്നു. ഈ വിലയിരുത്തലുകൾക്കുശേഷം മാത്രമേ അവർ ഗ്രന്ഥത്തിന്റെ ഉള്ളടക്കം പരിശോധിച്ച് അതിന്റെ ചരിത്രപ്രാധാന്യം മനസ്സിലാക്കാൻ ശ്രമിക്കുകയുള്ളൂ. *മഹാഭാരതം*പോലെ സങ്കീർണമായൊരു ഗ്രന്ഥത്തെ സംബന്ധിച്ചിടത്തോളം ഇതു പ്രത്യേകിച്ചും വിഷമംപിടിച്ച ഒരു പ്രവൃത്തിയാണെന്ന് നിങ്ങൾക്കു മനസ്സിലാക്കാവുന്നതാണ്.

### 6.1 ഭാഷയും ഉള്ളടക്കവും (Language and content)

ഇനി നമുക്കു മഹാഭാരതത്തിന്റെ ഭാഷ പരിശോധിക്കാം. *മഹാഭാരത*ത്തിന്റെ സംസ്കൃതത്തിലുള്ള പതിപ്പാണ് നമ്മൾ പരിഗണിച്ചിരിക്കുന്നത് (മറ്റ് ഭാഷകളിലുള്ള പതിപ്പുകൾ ഉണ്ടെങ്കിലും). എന്തായാലും, വേദങ്ങളിലെയും, അധ്യായം രണ്ടിൽ ചർച്ചചെയ്ത പ്രശസ്തികളിലെയും ഭാഷയെ അപേക്ഷിച്ചു *മഹാഭാരതത്തിൽ* ഉപയോഗിച്ചിട്ടുള്ള സംസ്കൃതം വളരെ ലളിതമാണ്. (അതിനാൽത്തന്നെ അത് കൂടുതൽപേർക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടാകാം).

ഇപ്പോഴുള്ള മഹാഭാരതഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെ ചരിത്രകാരർ സാധാരണയായി രണ്ടു വിശാല വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. കഥകളുള്ള ഭാഗം ആഖ്യാനം എന്നറിയപ്പെടുന്നു. സാമൂഹികനിയമങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങളടങ്ങിയ ഭാഗത്തെ അനുശാസകങ്ങൾ എന്നും വിളിക്കുന്നു. ഇത് കർശനമായ ഒരു വിഭജനമായി കാണാൻ കഴിയില്ല. അനുശാസക വിഭാഗങ്ങളിൽ കഥകളും, ആഖ്യാന വിഭാഗത്തിൽ പലപ്പോഴും സമൂഹത്തിന് നൽകുന്ന സന്ദേശങ്ങളും ഉൾക്കൊള്ളുന്നു. എന്തായാലും മഹാഭാരതം നാടകീയവും ഹൃദയസ്പൃക്കുമായ ഒരു കഥയായി രചിക്കപ്പെട്ടതായിരുന്നുവെന്നും അനുശാസക വിഭാഗങ്ങൾ പിൽക്കാലങ്ങളിൽ കൂട്ടിച്ചേർത്തതാകാമെന്നും ചരിത്രകാരർ പൊതുവേ സമ്മതിക്കുന്നു.

ബോധനോദ്ദേശ്യത്തോടെ ചെയ്യുന്ന ചിലത് എന്നാണ് *ഡിഡാക്റ്റിക്* എന്ന വാക്കിന്റെ സൂചന.




*ചിത്രം 3.6*
*യുദ്ധക്കളത്തിൽ വച്ച് കൃഷ്ണൻ അർജ്ജുനനെ ഉപദേശിക്കുന്നു.*
പതിനെട്ടാം നൂറ്റാണ്ടിൽ നിന്നുള്ള ചിത്രമാണിത്. *മഹാഭാരത*ത്തിലെ ഏറ്റവും പ്രധാനപ്പെട്ട ബോധനാർഥഭാഗം ഒരു പക്ഷെ ശ്രീകൃഷ്ണൻ അർജ്ജുനന് നൽകുന്ന ഉപദേശമടങ്ങുന്ന *ഭഗവദ്ഗീത* തന്നെയായിരിക്കും. ഈ രംഗം ചിത്രകലയിലെയും കൊത്തുപണികളിലെയും പതിവ് പ്രമേയമാണ്.

രസകരമായ ഒരു കാര്യം, ആദിമ സംസ്കൃത പാരമ്പര്യങ്ങൾക്കുള്ളിൽ ഈ ഗ്രന്ഥം *ഇതിഹാസം* എന്ന പേരിലാണറിയപ്പെടുന്നത്. 'അത് ഇപ്രകാരമായിരുന്നു' എന്നാണ് ആവാക്കിന്റെ വ്യാച്യാർഥം. അതുകൊണ്ടാണ് അതിനെ ചരിത്രം എന്ന് പൊതുവായി തർജമ ചെയ്യുന്നത്. ഈ ഇതിഹാസത്തിൽ ഓർമ്മിക്കപ്പെടുന്ന യുദ്ധം യഥാർഥത്തിൽ ഉണ്ടായിട്ടുണ്ടോ? നമുക്ക് തീർച്ചയില്ല. ബന്ധുജനങ്ങൾ തമ്മിലുള്ള ഒരു യഥാർഥ സംഘർഷത്തിന്റെ ഓർമ്മകൾ ഈ വിവരണങ്ങളിൽ നിലനിൽക്കുന്നതായി ചില ചരിത്രകാരർ അഭിപ്രായപ്പെടുന്നു. യുദ്ധത്തെ ദൃഢീകരിക്കുന്ന മറ്റൊരു തെളിവുമില്ലെന്ന് ചിലർ ചൂണ്ടിക്കാട്ടുന്നു.

### 6.2 ഗ്രന്ഥകർത്താവ് (കർത്താക്കൾ), തീയതികൾ (Author(s) and dates)

*ചിത്രം 3.3*
*ഗ്രന്ഥമെഴുതുന്ന ഗണേശഭഗവാൻ*
പാരമ്പര്യപ്രകാരം ദേവന് കഥാസാരം ചൊല്ലി കൊടുത്തത് വ്യാസനാണ്.
*മഹാഭാരത*ത്തിന്റെ പേർഷ്യൻ വിവർത്തനത്തിൽ നിന്നുള്ളതാണ് ഈ ചിത്രം.
ഏകദേശം 1740–50

ഗ്രന്ഥം ആരെഴുതി? നിരവധി ഉത്തരങ്ങൾ ലഭിക്കുന്ന ഒരു ചോദ്യമാണിത്. സുതർ എന്നപേരിലറിയപ്പെട്ട തേരുപാട്ടുകാർ ആയിരുന്നു ഇതിന്റെ മൂലകഥ മിക്കവാറും രചിച്ചിട്ടുള്ളത്. സാധാരണയായി യുദ്ധസ്ഥലങ്ങളിൽ ക്ഷത്രിയയോദ്ധാക്കളെ ഇവർ അനുഗമിച്ചിരുന്നു. അവരുടെ വിജയങ്ങളെയും നേട്ടങ്ങളെയും കുറിച്ച് ഇവർ കവിതകൾ രചിച്ചു. ഈ രചനകൾ വാമൊഴിരൂപത്തിൽ പ്രചരിച്ചു. പിന്നീട് ബി.സി.ഇ അഞ്ചാംനൂറ്റാണ്ടുമുതൽ ബ്രാഹ്മണർ ഈ കഥകൾ ഏറ്റെടുക്കുകയും ഇതിന്റെ ആലേഖനത്തിന്



തുടക്കം കുറിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിലാണ് മുഖ്യരുടെ നിയന്ത്രണത്തിലുണ്ടായിരുന്ന കുരു, പാഞ്ചാലം തുടങ്ങിയ പ്രദേശങ്ങൾ രാജ്യങ്ങളായിത്തീർന്നത്. ഇതിഹാസകഥ ഇവരെ ചുറ്റിപ്പറ്റിയുള്ളതാണ്. പുതുതായിവന്ന രാജാക്കന്മാർ അവരുടെ "*ഇതിഹാസം*" കൂടുതൽ ക്രമീകൃതമായി രേഖപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുവാൻ ആഗ്രഹിച്ചിട്ടുണ്ടോ? പുതിയ രാഷ്ട്രങ്ങളുടെ രൂപീകരണത്തിന്റെ ഫലമായി പഴയ സാമൂഹിക മൂല്യങ്ങളെ പുതിയ നിയമങ്ങൾ മാറ്റിമറിച്ചപ്പോൾ ഉണ്ടായ കോളിളക്കങ്ങൾ കഥയുടെ ചിലഭാഗങ്ങളിൽ പ്രതിഫലിക്കുന്നതിനുള്ള സാധ്യതയുണ്ട്.

200 ബി.സി.ഇ. യ്ക്കും 200 സി.ഇ. യ്ക്കും മധ്യേ ഈ ഗ്രന്ഥത്തിന്റെ രചനയുടെ മറ്റൊരുഘട്ടം നമുക്കുകാണാം. ഈ കാലഘട്ടത്തിലായിരുന്നു വിഷ്ണുവിനെ ആരാധിക്കുന്നതിന് കൂടുതൽ പ്രാധാന്യം കൈവന്നതും ഇതിഹാസത്തിലെ മുഖ്യ കഥാപാത്രങ്ങളിലൊന്നായ കൃഷ്ണനെ വിഷ്ണുവുമായി താദാത്മ്യപ്പെടുത്തുന്നതും. തുടർന്ന് 200 സി.ഇ യ്ക്കും 400 സി.ഇ യ്ക്കും മധ്യേയാണ് സംസ്കൃതത്തിലുള്ള മനുസ്മൃതിക്കു സമാനമായ ബൃഹത്തായ അനുശാസക വിഭാഗങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടത്. ഈ കൂട്ടിച്ചേർക്കലുകളോടെ 10,000 ശ്ലോകങ്ങൾക്ക് താഴെയുണ്ടായിരുന്ന മഹാഭാരതം 100,000 ശ്ലോകങ്ങളിലേക്ക് വളർന്നു. വ്യാസമഹർഷിയെയാണ് പരമ്പരാഗതമായി ഈ ബൃഹദ് ഗ്രന്ഥത്തിന്റെ കർത്താവായി കണക്കാക്കുന്നത്.

### 6.3 സമന്വയത്തിനുവേണ്ടിയുള്ള അന്വേഷണം (The search for convergence)

മറ്റേതു പ്രധാന ഇതിഹാസത്തെയുംപോലെ യുദ്ധം, വനപ്രദേശങ്ങൾ, രാജകൊട്ടാരങ്ങൾ അധിവാസകേന്ദ്രങ്ങൾ എന്നിവയെക്കുറിച്ചുള്ള വ്യക്തമായ വിവരണങ്ങളാണ് മഹാഭാരതത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 1951-52 ൽ പുരാവസ്തുഗവേഷകനായ ബി.ബി.ലാൽ മീററ്റിലെ ഹസ്തിനപുര (ഉത്തർപ്രദേശ്) ഗ്രാമത്തിൽ പര്യവേഷണ പ്രവർത്തനങ്ങൾ നടത്തി. ഇതിഹാസത്തിലെ ഹസ്തിനപുരമായിരുന്നോ ഇത്? പേരുകളിലുള്ള സാമ്യം യാദൃശ്ചികമാകാമെങ്കിലും കുരുരാജവംശം സന്നിതി ചെയ്തിരുന്ന ഉപരിഗംഗാ ദുവാബ് പ്രദേശത്താണ് ഇതു സ്ഥിതി ചെയ്യുന്നത് എന്നതിനാൽ ഇതു ഗ്രന്ഥത്തിൽ വിവരിക്കുന്ന കുരുക്കളുടെ തലസ്ഥാനമായിരിക്കാൻ സാധ്യതയുണ്ട്.

അഞ്ച് അധിവാസതലങ്ങളെക്കുറിച്ചുള്ള തെളിവുകൾ ലാൽ കണ്ടെത്തി. ഇതിൽ രണ്ടും മൂന്നും നമുക്കു താൽപ്പര്യജനകങ്ങളാണ്. രണ്ടാംഘട്ടത്തിലെ വീടുകളെക്കുറിച്ച് ലാൽ രേഖപ്പെടുത്തിയതിങ്ങനെയാണ്: (ഏകദേശം പന്ത്രണ്ട്-ഏഴ് നൂറ്റാണ്ടുകൾ ബി.സി.ഇ) "പര്യവേഷണം നടത്തിയ പരിമിതമായ പ്രദേശത്ത് വീടുകളെക്കുറിച്ചുള്ള വ്യക്തമായ രൂപരേഖയൊന്നും ലഭിച്ചില്ല. എന്നാൽ ചെളികൊണ്ടു നിർമ്മിച്ച ഭിത്തികളും ചെളികൊണ്ടുള്ള ഇഷ്ടികകളും കൃത്യമായി കണ്ടെത്തിയിട്ടുണ്ട്. ഈറ്റയുടെ വ്യക്തമായ അടയാളത്തോടുകൂടിയ ചെളിപൂശലിന്റെ കണ്ടെത്തൽ

ഉറവിടം 15

## ഹസ്തിനപുരം (Hastinapura)

*മഹാഭാരതത്തിലെ ആദിപർവത്തിൽ* നഗരത്തെ വിവരിക്കുന്നത് ഇങ്ങനെയാണ്:


മേഘാലംകൃതമായ ഇന്ദ്രപുരിയുടെ പ്രൗഢിക്കു തുല്യമായ കവാടങ്ങളും കമാനങ്ങളും ചെറുഗോപുരങ്ങളുംകൊണ്ട് അലംകൃതമായി, നൂറുകണക്കിനു കെട്ടിടങ്ങൾ തിങ്ങിനിറഞ്ഞ്, അലയടിക്കുന്ന മഹാസമുദ്രംപോലെയുള്ള നഗരം.

➲ ഇതിഹാസത്തിലെ ഹസ്തിനപുരത്തിന്റെ വിവരണങ്ങൾ ലാലിന്റെ കണ്ടെത്തലുകളുമായി പൊരുത്തപ്പെടുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

സൂചിപ്പിക്കുന്നത് ചിലവീടുകൾക്ക് പുറത്തുചെളിപൂശിയ ഈറ്റമതിലുകൾ ഉണ്ടായിരുന്നുവെന്നാണ്". മൂന്നാംഘട്ടത്തെക്കുറിച്ച് (ഏകദേശം ബി.സി.ഇ. ആറ്–മൂന്ന് നൂറ്റാണ്ടുകൾ) അദ്ദേഹം രേഖപ്പെടുത്തി; "ഈ ഘട്ടത്തിലെ വീടുകൾ ചെളിക്കട്ടകൊണ്ടും ചുട്ട ഇഷ്ടികകൊണ്ടും നിർമിച്ചിരുന്നു. മലിനജല നിക്ഷേപഭരണികളും ഇഷ്ടിക കെട്ടി നിർമിച്ച ചാലുകളുമാണ് മലിനജലം ഒഴുക്കികളയാൻ ഉപയോഗിച്ചിരുന്നത്. അതേസമയം കളിമൺചുറ്റുകൾ ഇറക്കി നിർമിച്ച കിണറുകളെ കിണറുകളായും അഴുക്കുചാൽക്കുഴികളായും ഉപയോഗിച്ചിട്ടുണ്ട്".

മുഖ്യ ആഖ്യാനം രചിക്കപ്പെട്ടതിനുശേഷം, ബി.സി.ഇ ആറാം നൂറ്റാണ്ടും കഴിഞ്ഞ്, നഗരകേന്ദ്രങ്ങൾ അവിടെ പരിലസിച്ചു തുടങ്ങിയതിനുശേഷം കൂട്ടിച്ചേർത്തതാണോ ഇതിഹാസത്തിലെ നഗരവർണന? അതോ മറ്റുതരത്തിലുള്ള തെളിവുകളുമായി എപ്പോഴും

ചിത്രം 3.10
ഹസ്തിനപുരത്തിൽ ഉത്ഖനനം ചെയ്തെടുത്ത മതിൽ



ഉറവിടം 16

## ദ്രൗപദിയുടെ വിവാഹം

പാഞ്ചാല രാജാവായ ദ്രുപദൻ തന്റെ മകളെ വിവാഹം കഴിപ്പിക്കുവാൻ ഒരു മത്സരം സംഘടിപ്പിച്ചു. ഒരു വില്ലുകുലച്ച് അമ്പെയ്ത് ലക്ഷ്യസ്ഥാനത്തെത്തിക്കുന്നയാളെ മകളായ ദ്രൗപദിയുടെ വരനായി തിരഞ്ഞെടുക്കും. ഈ മത്സരത്തിൽ അർജുനൻ വിജയശ്രീലാളിതനാകുകയും ദ്രൗപദി അയാളെ മാലയണിക്കുകയും ചെയ്തു. പാണ്ഡവർ അവളെയും കൂട്ടി മാതാവായ കുന്തിയുടെ അരികിലേക്ക് മടങ്ങിയെത്തി. അവരെ കാണുന്നതിനു മുമ്പുതന്നെ കിട്ടിയ സമ്മാനം എന്തായാലും തുല്യമായി വീതിക്കുവാൻ കുന്തി മക്കളോടാവശ്യപ്പെട്ടു. ദ്രൗപദിയെക്കണ്ട കുന്തി തന്റെ തെറ്റു മനസ്സിലാക്കിയെങ്കിലും അവരുടെ ആജ്ഞ ലംഘിക്കുവാൻ പാണ്ഡവർക്കായില്ല. ദീർഘനേരത്തെ ആലോചനകൾക്കുശേഷം യുധിഷ്ഠിരൻ, ദ്രൗപദി അവരുടെ പൊതുഭാര്യയായിരിക്കും എന്നു നിശ്ചയിച്ചു.

ഇതറിഞ്ഞ ദ്രുപദൻ ഇതിനെതിരെ പ്രതിഷേധിച്ചു. എന്നിരുന്നാലും വ്യാസമഹർഷി ഈ പ്രശ്നത്തിലിടപെടുകയും പാണ്ഡവർ യഥാർഥത്തിൽ ദേവേന്ദ്രന്റെ മനുഷ്യാവതാരങ്ങളാണെന്നും ദ്രൗപദി ഇന്ദ്രന്റെ ഭാര്യയുടെ പുനർജന്മമാണെന്നും അതിനാൽ ദ്രൗപദി അവർക്കെല്ലാമായി വിധിക്കപ്പെട്ടവളാണെന്നും രാജാവിനെ അറിയിച്ചു.

മറ്റൊരുദാഹരണം കൂടി വ്യാസൻ ചൂണ്ടിക്കാട്ടുന്നു. ഒരിക്കൽ ഒരു യുവതി ശിവനോട് നല്ല ഭർത്താവിനെ ലഭിക്കാനായി പ്രാർഥിച്ചു. എന്നാൽ അത്യുത്സാഹത്തിൽ അവൾ ഒന്നിനുപകരം അഞ്ച് പ്രാവശ്യം പ്രാർഥിച്ചു. ആ യുവതിയാണ് ഇപ്പോൾ ദ്രൗപദിയായി പുനർജനിച്ചിരിക്കുന്നത്. ശിവൻ അവളുടെ പ്രാർഥന നിറവേറ്റിക്കൊടുത്തിരിക്കുകയുമാണ്. ഈ കഥകളിൽ വിശ്വാസം വന്ന ദ്രുപദൻ വിവാഹത്തിന് അനുമതി നൽകി.

➲ ഒരൊറ്റ കഥാഭാഗത്തിന് രചയിതാവ് (ക്കൾ) മൂന്ന് വിശദീകരണങ്ങൾ നൽകിയത് എന്തുകൊണ്ടെന്നാണ് നിങ്ങൾ കരുതുന്നത്?

താരതമ്യം ചെയ്ത് ഉറപ്പുവരുത്താനാവാത്ത, കവിഭാവന മാത്രമായിരുന്നോ ഈ വിവരണങ്ങൾ?

മറ്റൊരുദാഹരണം പരിഗണിക്കാം. *മഹാഭാരതത്തിലെ* ഏറ്റവും വെല്ലുവിളി നിറഞ്ഞ ഒരുഭാഗമാണ് പാണ്ഡവരുമായുള്ള ദ്രൗപദിയുടെ വിവാഹം. ആഖ്യാനത്തിലെ കേന്ദ്രബിന്ദുവായ ബഹുഭർതൃത്വത്തിന് ഉദാഹരണമാണിത്. ഈ സംഭവത്തെക്കുറിച്ചു വിവരിക്കുന്ന ഇതിഹാസഭാഗം പരിശോധിച്ചാൽ, ഇതിന്റെ രചയിതാവ് (രചയിതാക്കൾ) ഇതിനെ വിവിധരീതികളിൽ വിശദീകരിക്കാൻ ശ്രമിച്ചതായി വ്യക്തമാകും.

ബഹുഭർതൃത്വത്തെക്കുറിച്ച് ഗ്രന്ഥകർത്താവ് (കർത്താക്കൾ) വിവരിക്കുന്നു എന്നതുതന്നെ, ഒരുകാലഘട്ടത്തിൽ ഭരണവർഗങ്ങൾക്കിടയിൽ ബഹുഭർതൃത്വം നിലവിലുണ്ടായിരുന്നതിനാൽ ആയിരിക്കുമെന്ന് ഇന്നത്തെ ചരിത്രകാരർ അഭിപ്രായപ്പെടുന്നു. അതേസമയം ഈ സംഭവത്തെ (സ്രോതസ്സ് പതിനാറ്) ക്കുറിച്ച് വ്യത്യസ്തങ്ങളായ വിശദീകരണങ്ങൾ നൽകുന്നുണ്ട്. ഇത് സൂചിപ്പിക്കുന്നത്, നൂറ്റാണ്ടുകളിലൂടെ ഈ ഗ്രന്ഥം പുനരാഖ്യാനം നടത്തുകയും വികസിപ്പിക്കുകയും ചെയ്ത ബ്രാഹ്മണരുടെ ഇടയിൽ ബഹുഭർതൃത്വം ക്രമേണ അനിഷ്ടകരമായി മാറി എന്നാണ്.

ബ്രാഹ്മണ വീക്ഷണത്തിൽ ബഹുഭർതൃത്വം അസാധാരണവും അനിഷ്ടകരവുമായി തോന്നിയിരിക്കാമെങ്കിലും ഹിമാലയൻ പ്രദേശങ്ങളിൽ ഇത് നിലനിന്നിരുന്നു (ഇപ്പോഴും നിലനിൽക്കുന്നു) വെന്ന് ചില ചരിത്രകാരർ ചൂണ്ടിക്കാട്ടുന്നു. മറ്റു ചിലർ പറയുന്നത് യുദ്ധകാലങ്ങളിൽ സ്ത്രീകളുടെ കുറവ് ബഹുഭർതൃത്വത്തിലേക്ക് നയിച്ചിരിക്കാമെന്നാണ്. അതായത്, ഒരു പ്രതിസന്ധി നിറഞ്ഞ സാഹചര്യമാണ് ഈ സമ്പ്രദായത്തിനു കാരണം എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

ചില ആദ്യകാലസ്രോതസ്സുകൾ നിർദേശിക്കുന്നത് ബഹുഭർതൃത്വം ഒരേയൊരു വിവാഹസമ്പ്രദായമോ ഏറ്റവും പ്രചാരത്തിലിരുന്ന വിവാഹ സമ്പ്രദായമോ ആയിരുന്നില്ല എന്നാണ്. പിന്നെ എന്തുകൊണ്ടാണ് മഹാഭാരതത്തിലെ മുഖ്യകഥാപാത്രങ്ങളുമായി ഈ സമ്പ്രദായത്തെ ഇതിന്റെ ഗ്രന്ഥകർത്താവ്/ക്കൾ ബന്ധിപ്പിക്കുന്നത്? നമ്മൾ ഓർത്തിരിക്കേണ്ട കാര്യം സർഗാത്മകസാഹിത്യത്തിന് എപ്പോഴും അതിന്റേതായ വിവരണരീതികളുണ്ടാകും. അത് എല്ലായ്പ്പോഴും അക്ഷരാർഥത്തിൽ സാമൂഹ്യയാഥാർഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നതായിരിക്കില്ല എന്നതാണ്.

### 7. ഒരു ഊർജസ്വലഗ്രന്ഥം (A DYNAMIC TEXT)

മഹാഭാരതത്തിന്റെ വളർച്ച സംസ്കൃതത്തിലുള്ള പതിപ്പുകൊണ്ട് അവസാനിച്ചില്ല. നൂറ്റാണ്ടുകളിലൂടെ ഈ ഇതിഹാസത്തിന്റെ പതിപ്പുകൾ വ്യത്യസ്ത ഭാഷകളിൽ രചിക്കപ്പെട്ടു. ജനങ്ങളും, സമുദായങ്ങളും, ഇതിന്റെ രചനകളിലേർപ്പെട്ടവരും തമ്മിലുള്ള തുടർസംവാദങ്ങളിലൂടെയാണ് ഇത് സാധ്യമായത്. ചില പ്രത്യേക പ്രദേശങ്ങളിൽ ഉത്ഭവിച്ചവതും ചില ജനവിഭാഗങ്ങൾക്കിടയിൽ പ്രചരിച്ചിരുന്നതുമായ നിരവധി കഥകൾ ഈ ഇതിഹാസത്തിൽ ഇടംപിടിച്ചു. അതേസമയംതന്നെ ഇതിഹാസത്തിന്റെ കേന്ദ്രകഥ പലപ്പോഴും വ്യത്യസ്ത രീതി

**ചർച്ച ചെയ്യുക...**

ഈ പാഠഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള *മഹാഭാരതവുമായി* ബന്ധപ്പെട്ട ഉദ്ധരണികൾ ഒരിക്കൽകൂടി വായിക്കുക. വാച്യാർഥത്തിൽ ഇവ ഓരോന്നും ശരിയാണോ എന്നു ചർച്ചചെയ്യുക. ഈ ഉദ്ധരണികൾ ഗ്രന്ഥരചന നിർവഹിച്ചവരെക്കുറിച്ച് എന്താണു നമ്മോട് പറയുന്നത്? ഈ ഇതിഹാസം വായിക്കുകയോ ശ്രവിക്കുകയോ ചെയ്തവരെക്കുറിച്ച് എന്താണു പറയുന്നത്?

കളിൽ വീണ്ടുംവീണ്ടും പറയപ്പെട്ടു. ശില്പങ്ങളിലും ചിത്രങ്ങളിലും ഇതിലെ രംഗങ്ങൾ ചിത്രീകരിക്കപ്പെട്ടു. നാടകങ്ങൾ, നൃത്തം തുടങ്ങിയ രംഗകലകൾക്കും മറ്റുതരത്തിലുള്ള ആഖ്യാനങ്ങൾക്കും അവ പ്രമേയങ്ങൾ പ്രദാനം ചെയ്തു.

ഇതിഹാസത്തിന്റെ മിക്ക പുനരാഖ്യാനങ്ങളും പുനരവതരണങ്ങളും പ്രധാന ആഖ്യാനത്തെ സർഗാത്മകമായി ആവിഷ്കരിക്കുന്നവയാണ്. എല്ലാത്തരത്തിലുമുള്ള ചൂഷണങ്ങൾക്കും അടിച്ചമർത്തലുകൾക്കും എതിരെ ശബ്ദമുയർത്തിയ സമകാലിക ബംഗാളി എഴുത്തുകാരിയായ മഹാശ്വേതാദേവി മഹാഭാരതത്തിലെ ഒരുഭാഗം രൂപാന്തരപ്പെടുത്തിയത് നമുക്ക് ഉദാഹരണമായെടുക്കാം. ഇവിടെ അവർ *മഹാഭാരത*ത്തിലെ മുഖ്യകഥയ്ക്കുള്ള ചില ബദൽസാധ്യതകൾക്കായി പരിശ്രമിക്കുകയും സംസ്കൃതഗ്രന്ഥം മൗനംപാലിക്കുന്ന ചില ചോദ്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.

പാണ്ഡവരെ കൊല്ലാനായി ദുര്യോധനൻ ആസൂത്രണം ചെയ്ത പദ്ധതിയെക്കുറിച്ചു സംസ്കൃതഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. പ്രത്യേകം നിർമ്മിച്ച അരക്കില്ലത്തിൽ അവരെ താമസിക്കാൻ ക്ഷണിച്ച് ഒടുവിൽ അരക്കില്ലത്തിന് തീയിടുവാനായിരുന്നു പദ്ധതി. ഇതു നേരത്തേകൂട്ടി അറിഞ്ഞ പാണ്ഡവർ രക്ഷപ്പെടുന്നത് ഉറപ്പിക്കാൻ അവിടെ ഒരു തുരങ്കം നിർമ്മിച്ചു. അതിനുശേഷം കുന്തി ഒരുസദ്യ ഒരുക്കി. ക്ഷണിക്കപ്പെട്ടവരിൽ ഭൂരിഭാഗവും ബ്രാഹ്മണരായിരുന്നുവെങ്കിലും ഒരു നിഷാദ സ്ത്രീ അവരുടെ അഞ്ചുമക്കളുമായി അവിടെ വന്നു. കുടിച്ചുമത്തരായ അവർ ഉറങ്ങിപ്പോയ തക്കത്തിൽ വീടിനു തീവെച്ച് പാണ്ഡവർ രക്ഷപ്പെട്ടു. സ്ത്രീയുടേയും അഞ്ചു മക്കളുടേയും ശവശരീരങ്ങൾ കണ്ടെടുക്കപ്പെട്ടപ്പോൾ പാണ്ഡവരാണു കൊല്ലപ്പെട്ടതെന്നു ജനങ്ങൾ വിചാരിച്ചു.

മഹാഭാരതം ഈ കഥ പറഞ്ഞവസാനിപ്പിക്കുന്നിടത്തു നിന്നാണ് മഹാശ്വേതാദേവി തന്റെ ചെറുകഥയായ 'കുന്തി ഓ നിഷാദി' യുടെ ആഖ്യാനം ആരംഭിക്കുന്നത്. യുദ്ധാനന്തരം കുന്തി മടങ്ങിയെത്തുന്ന കാട്ടിലാണ് അവർ കഥ ഒരുക്കിയത്. തന്റെ ഭൂതകാലത്തെക്കുറിച്ചു പുനരാലോചിക്കാൻ ഇപ്പോൾ സമയമുള്ള കുന്തി പ്രകൃതിയുടെ പ്രതീകമായ ഭൂമിയോട് സംസാരിച്ചു കൊണ്ട് തന്റെ പരാജയങ്ങൾ എന്നുതോന്നിയവ ഏറ്റുപറയുന്നു. വിറകും തേനും കിഴങ്ങുവർഗങ്ങളും വേരുകളും ശേഖരിക്കാൻ വരുന്ന *നിഷാദ*രെ അവർ ദിവസവും കാണുന്നു. കുന്തി ഭൂമിയോട് സംസാരിക്കുന്നത് ഒരു *നിഷാദി* (*നിഷാദ* സ്ത്രീ) പലപ്പോഴും ശ്രദ്ധിക്കുന്നു.

ഒരുദിവസം പ്രകൃതിയിൽ എന്തൊക്കെയോ സംഭവിക്കാൻ തുടങ്ങി. മൃഗങ്ങൾ വനത്തിൽനിന്നും പലായനംചെയ്യുന്നു. ഒരു *നിഷാദി* തന്നെ ശ്രദ്ധിക്കുന്നതു കുന്തി കണ്ടു. അരക്കില്ലം ഓർമ്മയുണ്ടോ എന്നു നിഷാദി ചോദിച്ചപ്പോൾ അവർ ഞെട്ടിപ്പോയി. ഓർമ്മയുണ്ടെന്നു കുന്തി പറഞ്ഞു. മുതിർന്ന ഒരു നിഷാദ സ്ത്രീയെയും അവരുടെ അഞ്ചു യുവസന്തതികളെയും ഓർക്കുന്നുണ്ടോ ? ബോധരഹിതരാകുന്നതുവരെ അവർക്കു അവൾ വീഞ്ഞ് പകർന്നു കൊടുത്തതും എന്നിട്ടു സ്വന്തംമക്കളേയുംകൊണ്ടു രക്ഷപ്പെട്ടതും ഓർമ്മയുണ്ടോ ? ആ *നിഷാദി*...... "നീ അല്ലല്ലോ!" കുന്തി ആശ്ചര്യപ്പെട്ടു. കൊല്ലപ്പെട്ടത് തന്റെ ഭർത്തൃമാതാവായിരുന്നുവെന്ന് *നിഷാദി* മറുപടി നൽകി. തന്റെ ഭൂതകാലം ഓർക്കുമ്പോൾ, ഒരിക്കൽപ്പോലും, തന്റെയും മക്കളുടെയും ജീവിതം രക്ഷപ്പെടുത്താനുള്ള ശ്രമത്തിൽ നഷ്ടപ്പെട്ട ആറ് നിഷ്കളങ്ക ജീവനുകളെക്കുറിച്ച് കുന്തി ഓർമ്മിച്ചിട്ടില്ലെന്ന് അവൾ കൂട്ടിച്ചേർത്തു. സംസാരിച്ചു കൊണ്ടിരുന്നപ്പോൾ തീജ്വാലകൾ അവരുടെ അടുത്തെത്തിക്കൊണ്ടിരുന്നു. *നിഷാദി* അവിടെനിന്നും രക്ഷപ്പെട്ടു. എന്നാൽ കുന്തി അവിടെത്തന്നെ നിന്നു.

## കാലരേഖ 1 (TIMELINE 1)

### പ്രധാന ഗ്രന്ഥപാരമ്പര്യങ്ങൾ (MAJOR TEXTUAL TRADITIONS )

| | |
|---|---|
| ഏകദേശം 500 ബിസിഇ | ] mVn nb psSA j Øn yb rp Hcp k vk v rX h yn eW{KÙ w |
| G I tZ w500p200 _ nk rC | {] [ nn *ധർമ്മസൂത്രങ്ങൾ* (സംസ്കൃതത്തിൽ) |
| ഏകദേശം 500 - 100 ബിസിഇ | *ത്രിപിടക* (പാലിയിൽ) ഉൾപ്പെടെയുള്ള ആദ്യകാല ബുദ്ധഗ്രന്ഥങ്ങൾ |
| ഏകദേശം 500 ബിസിഇ - 400 സിഇ | *രാമായണവും, മഹാഭാരതവും* (സംസ്കൃതത്തിൽ) |
| ഏകദേശം 200 ബിസിഇ - 200 സിഇ | *മനുസ്മൃതി* (സംസ്കൃതത്തിൽ) ; തമിഴ് സംഘസാഹിത്യത്തിന്റെ രചനയും ക്രോഡീകരണവും |
| ഏകദേശം 100 സിഇ | *ചരക - സുശ്രുത സംഹിതകൾ,* വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ (സംസ്കൃതത്തിൽ) |
| ഏകദേശം 200 സിഇ മുതൽ | *പുരാണങ്ങളുടെ* ക്രോഡീകരണം (സംസ്കൃതത്തിൽ) |
| ഏകദേശം 300 സിഇ | ഭരതന്റെ *നാട്യശാസ്ത്രം,* ഒരു നാടകരചനാശാസ്ത്രഗ്രന്ഥം (സംസ്കൃതത്തിൽ) |
| ഏകദേശം 300 - 600 സിഇ | മറ്റ് ധർമ്മശാസ്ത്രങ്ങൾ (സംസ്കൃതത്തിൽ) |
| ഏകദേശം 400 - 500 സിഇ | കാളിദാസന്റെ കൃതികളുൾപ്പെടെയുള്ള സംസ്കൃതനാടകങ്ങൾ : ആര്യഭട്ടന്റെയും, വരാഹമിഹിരന്റെയും ജ്യോതിശാസ്ത്ര - ഗണിതശാസ്ത്ര കൃതികൾ (സംസ്കൃതത്തിൽ) ; ജൈനകൃതികളുടെ ക്രോഡീകരണം (പ്രാകൃത് ഭാഷയിൽ) |

## കാലരേഖ (TIMELINE 2)

### *മഹാഭാരത*പഠനത്തിലെ പ്രധാനനാഴികക്കല്ലുകൾ

### (MAJOR LANDMARKS IN THE STUDY OF THE *MAHABHARATA*)

| | |
|---|---|
| **ഇരുപതാംനൂറ്റാണ്ട്** | |
| 1919 - 66 | *മഹാഭാരത*ത്തിന്റെ വിമർശനാത്മകപതിപ്പ് തയാറാക്കലും പ്രസിദ്ധീകരിക്കലും |
| 1973 | ജെ.എ.ബി. വാൻ ബ്യൂട്ടെനെൻ വിമർശനാത്മകപതിപ്പിന്റെ ഇംഗ്ലീഷ് പരിഭാഷ തുടങ്ങുന്നു. 1978 ൽ അദ്ദേഹത്തിന്റെ മരണാനന്തരം അത് അപൂർണമായി തുടരുന്നു. |

## 100 മുതൽ 150 വരെ വാക്കുകളിൽ ഉത്തരമെഴുതുക (ANSWER IN 100-150 WORDS)

1. കുലീനകുടുംബങ്ങളിൽ പിതൃദായക്രമത്തിന് പ്രത്യേകപ്രാധാന്യം ഉണ്ടായിരിക്കുവാനുള്ള കാരണം വിശദീകരിക്കുക.
2. ആദ്യകാല രാഷ്ട്രങ്ങളിലെ രാജാക്കന്മാർ ക്ഷത്രിയർ മാത്രമായിരുന്നോ എന്നു ചർച്ചചെയ്യുക.
3. ദ്രോണർ, ഹിഡിംബൻ, മാതംഗൻ എന്നിവരുടെ കഥകളിൽ വിവരിക്കുന്ന ധർമ്മം അഥവാ നിയമാവലികൾ താരതമ്യംചെയ്ത്, വ്യത്യാസങ്ങൾ രേഖപ്പെടുത്തുക.
4. സാമൂഹിക ഉടമ്പടിയെ സംബന്ധിച്ച ബുദ്ധമതസിദ്ധാന്തം *പുരുഷസൂക്ത*ത്തിൽ ആവിഷ്കരിക്കപ്പെടുന്ന ബ്രാഹ്മണ സാമൂഹികവീക്ഷണത്തിൽ നിന്ന് എപ്രകാരം വ്യത്യസ്തമായിരിക്കുന്നു ?
5. പാണ്ഡവരിൽ ഏറ്റവും മൂത്തയാളായ യുധിഷ്ഠിരൻ സന്ദേശവാഹകനായ സഞ്ജയനോട് സംസാരിക്കുന്ന *മഹാഭാരത*ത്തിൽ നിന്നുള്ള ഒരുദ്ധരണിയാണ് ചുവടെ :

അല്ലയോ സഞ്ജയാ, എന്റെ ആദരപൂർവമായ അഭിവാദനങ്ങൾ ധൃതരാഷ്ട്രരുടെ ഭവനത്തിലെ എല്ലാ ബ്രാഹ്മണരെയും മുഖ്യപുരോഹിതനേയും അറിയിക്കുക. ഞാൻ ദ്രോണാചാര്യരെ ബഹുമാനപുരസ്സരം വണങ്ങുന്നു... ഞങ്ങളുടെ ധർമ്മാചാര്യനായ കൃപരുടെ പാദം മുറുകെ പിടിക്കുന്നു... കൂടാതെ കൗരവ മുഖ്യൻ, മഹാനായ, ഭീഷ്മരുടെയും; ഞാൻ ബഹുമാനപുരസ്സരം വൃദ്ധരാജാവിനെ (ധൃതരാഷ്ട്രരെ) വണങ്ങുന്നു. അദ്ദേഹത്തിന്റെ മകൻ ദുര്യോധനനെയും അദ്ദേഹത്തിന്റെ ഇളയ സഹോദരനെയും അഭിവാദ്യം ചെയ്യുകയും അവരുടെ ആരോഗ്യം അന്വേഷിക്കുകയും ചെയ്യുന്നു... ഒപ്പം നമ്മുടെ സഹോദരരും പുത്രരും ചെറുമക്കളുമായ എല്ലാ കൗരവയോദ്ധാക്കളെയും അഭിവാദ്യം ചെയ്യുന്നു... സർവോപരി അദ്ദേഹത്തെ, ഞങ്ങൾക്കു പിതാവും മാതാവുമായ, ജ്ഞാനിയായ വിദുരരെയും (ഒരു അടിമസ്ത്രീയിൽ ജനിച്ചയാൾ)... ഞങ്ങളുടെ അമ്മമാരായി അറിയപ്പെടുന്ന എല്ലാ മുതിർന്ന സ്ത്രീകളെയും ഞാൻ വന്ദിക്കുന്നു. ഞങ്ങളുടെ ഭാര്യമാരായിട്ടുള്ളവരോട് താങ്കൾ പറയുക: "അവരെല്ലാവരും നന്നായി സംരക്ഷിക്കപ്പെടുന്നു എന്നു ഞാൻ കരുതുന്നു..." ഞങ്ങളുടെ സദ്കുലജാതരായ പുത്രവധുക്കളെയും, കുട്ടികളുടെ അമ്മമാരെയും എനിക്കുവേണ്ടി ആശംസിക്കുക. ഞങ്ങളുടെ പുത്രിമാരായിട്ടുള്ളവരെ എനിക്കുവേണ്ടി ആലിംഗനംചെയ്യുക... സുന്ദരികളും സുരഭികളും കമനീയ വസ്ത്രധാരികളുമായ പരിചാരകരെയും താങ്കൾ അഭിവാദ്യംചെയ്യണം. അടിമസ്ത്രീകളെയും അവരുടെ മക്കളെയും അഭിവാദ്യം ചെയ്യുക, വൃദ്ധരെ ആശംസിക്കുക, അംഗവൈകല്യക്കാരെയും നിസ്സഹായരെയും...

പ്രായം, ലിംഗം, രക്തബന്ധം എന്നിവ കണക്കിലെടുത്ത് ഈ പട്ടിക നിർമ്മിക്കാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ പരിശോധിച്ചു കണ്ടെത്തുക. മറ്റെന്തെങ്കിലും മാനദണ്ഡങ്ങളുണ്ടോ? ഓരോ വിഭാഗത്തെയും പട്ടികയിൽ ഒരു പ്രത്യേകസ്ഥാനത്തു നിജപ്പെടുത്തിയിരിക്കുന്നത് എന്തുകൊണ്ടെന്ന് വിവരിക്കുക.

### ചുവടെ തന്നിരിക്കുന്നവയെക്കുറിച്ച് ഒരു ലഘു ഉപന്യാസം (ഏകദേശം 500 വാക്കുകൾ) എഴുതുക. WRITE A SHORT ESSAY (ABOUT 500 WORDS) ON THE FOLLOWING:

6. *മഹാഭാരത*ത്തെക്കുറിച്ച് ഇന്ത്യൻ സാഹിത്യത്തിന്റെ ഒരു പ്രശസ്ത ചരിത്രകാരനായ മൗറിസ് വിന്റർനിറ്റ്സ് ഇങ്ങനെ എഴുതി: മഹാഭാരതം ഒരു സമ്പൂർണമായ സാഹിത്യത്തിലെ മിക്കതിനെയും പ്രതിനിധീകരിക്കുന്നതിനാലും... കൂടാതെ അനവധി കാര്യങ്ങൾ അടങ്ങിയിരിക്കുന്നതിനാലും... ഇന്ത്യക്കാരുടെ ആത്മാവിന്റെ ഏറ്റവും അഗാധവും ആഴമേറിയതുമായ ഒരു ഉൾക്കാഴ്ച (ഇത്) നമുക്ക് നൽകുന്നുണ്ട്." ചർച്ച ചെയ്യുക.

7. *മഹാഭാരതം* ഒരൊറ്റ രചയിതാവിന്റെ സൃഷ്ടിയായിരിക്കുവാൻ സാദ്ധ്യതയുണ്ടോ എന്നു ചർച്ചചെയ്യുക.

8. ആദ്യകാലസമൂഹങ്ങളിൽ ലിംഗവ്യത്യാസങ്ങൾ എത്ര പ്രധാനപ്പെട്ടതായിരുന്നു? നിങ്ങളുടെ ഉത്തരത്തിനുള്ള കാരണങ്ങൾ നൽകുക.

9. രക്തബന്ധത്തെയും വിവാഹത്തെയും കുറിച്ചുള്ള ബ്രാഹ്മണ നിർദേശങ്ങൾ സാർവത്രികമായി പിന്തുടരുന്നില്ലെന്ന് സൂചിപ്പിക്കുന്ന തെളിവുകൾ ചർച്ച ചെയ്യുക.

### ഭൂപട പ്രവർത്തനം (MAP WORK)

10. ഈ അധ്യായത്തിലെ ഭൂപടത്തെ അധ്യായം 2 ലെ ഭൂപടം 1 മായി താരതമ്യംചെയ്യുക. കുരുപാഞ്ചാല പ്രദേശങ്ങൾക്ക് സമീപം സ്ഥിതിചെയ്യുന്ന മഹാജനപദങ്ങളെയും നഗരങ്ങളെയും പട്ടികപ്പെടുത്തുക.

### പ്രോജക്ട് (ഏതെങ്കിലും ഒന്ന്) (PROJECT (ANY ONE))

11. *മഹാഭാരത*ത്തിന്റെ മറ്റുഭാഷകളിലെ പുനരാഖ്യാനങ്ങൾ കണ്ടെത്തുക. ഇതിൽ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന ഏതെങ്കിലും സമാനതകളുടെയോ വ്യത്യാസങ്ങളുടെയോ അടിസ്ഥാനത്തിൽ ഈ അധ്യായത്തിൽ വിവരിക്കുന്ന ഏതെങ്കിലും രണ്ട് ഉപകഥാഭാഗങ്ങൾ അവർ എങ്ങനെ കൈകാര്യം ചെയ്തിരിക്കുന്നുവെന്ന് ചർച്ചചെയ്യുക.

12. നിങ്ങൾ ഒരു എഴുത്തുകാരനാണെന്ന് സങ്കൽപ്പിച്ചുകൊണ്ട്, ഏകലവ്യന്റെ കഥയെ നിങ്ങൾക്ക് ഇഷ്ടമുള്ള ഒരുവീക്ഷണത്തിൽ മാറ്റിയെഴുതുക.

**നിങ്ങൾക്ക് കൂടുതൽ അറിയണമെങ്കിൽ, വായിക്കുക :**


ഉമ ചക്രവർത്തി. 2006.
*എവരിഡേ ലൈവ്സ്, എവരിഡേ ഹിസ്റ്ററീസ്,* തൂലിക, ന്യൂഡൽഹി.

ഐരാവതി കാർവെ. 1968.
*കിൻഷിപ് ഓർഗനൈസേഷൻ ഇൻ ഇന്ത്യ.*
ഏഷ്യ പബ്ലിഷിങ് ഹൗസ്, ബോംബെ.

ആർ.എസ്.ശർമ്മ. 1983
*പെഴ്സ്പെക്റ്റീവ്സ് ഇൻ സോഷ്യൽ ആന്റ് ഇക്കണോമിക് ഹിസ്റ്ററി ഓഫ് ഏർലി ഇന്ത്യ.*
മുൻഷിറാം മനോഹർലാൽ, ന്യൂഡൽഹി.

വി.എസ്.സുക്തങ്കർ. 1957.
*ഓൺ ദി മീനിങ് ഓഫ് ദി മഹാഭാരത.*
ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബോംബെ, ബോംബെ.

റോമില ഥാപ്പർ. 2000.
*കൾച്ചറൽ പാസ്റ്റ്സ് : എസ്സെയ്സ് ഇൻ ഏർലി ഇന്ത്യൻ ഹിസ്റ്ററി.* ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ന്യൂഡൽഹി.


**കൂടുതൽ വിവരങ്ങൾക്ക്, നിങ്ങൾക്ക് സന്ദർശിക്കാം.**
http://bombay.indology.info/mahabharata/statement.html